
2023
MAY
27
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## രാജ്യതാൽപര്യസംരക്ഷണത്തിൽ സൈന്യം നിർണ്ണായകം



**ന്യൂഡൽഹി:** സാങ്കേതികമായി പുരോഗമിച്ച സൈന്യം രാജ്യത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ നിർണായകമാണെന്ന് പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു.ന്യൂ ഡൽഹിയിൽ നടക്കുന്ന ദ്വിദിന ഡിആർഡിഒഅക്കാദമിക കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. അതിർത്തികളിൽ ഇരട്ട ഭീഷണി നേരിടുന്ന ഇന്ത്യയെ പോലുള്ള ഒരു രാജ്യത്തിന് അത്തരം ഒരു സൈന്യം അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം പറഞ്ഞു.ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നമ്മൾ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരങ്ങൾ കണ്ടെത്തുന്നതിന് ഡി.ആർ.ഡി.ഒ യും അക്കാദമിക സമൂഹവും ഒരുമിച്ച് പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്ന 'ഡി.ആർ.ഡി.ഒ അക്കാദമിയ പങ്കാളിത്തം അവസരങ്ങളും വെല്ലുവിളികളും' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള സമ്മേളനത്തിൽ പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ഇത്തരത്തിലുള്ള പങ്കാളിത്തം പ്രതിരോധ സാങ്കേതിക വിദ്യകളിൽ മുൻനിര രാജ്യമായി ഇന്ത്യയെ മാറ്റാൻ സഹായക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.ഡി.ആർ.ഡി.ഒയും അക്കാദമിയും തമ്മിലുള്ള സമന്വയത്തിലൂടെ ഡി.ആർ.ഡി.ഒ ക്ക് രാജ്യം ഒട്ടാകെയുള്ള പ്രമുഖ സ്ഥാപനങ്ങളായ IISC, IIT, NIT, മറ്റ് സർവകലാശാലകൾ മുതലായവയിൽ നിന്ന് വൈദഗ്ധ്യമുള്ള മാനവ വിഭവ ശേഷി ലഭിക്കുമെന്നും പ്രതിരോധ മന്ത്രി പറഞ്ഞു. ഡി.ആർ.ഡി.ഒ യുടെ നൂതന സാങ്കേതികവിദ്യയുടെ വികസനത്തിനായുള്ള ഗവേഷണവികസന ഫണ്ടും അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളും ലാബ് സൗകര്യങ്ങളും അക്കാദമിക സമൂഹത്തിനും ലഭ്യമാകും. രാജ്യത്തിൻറെ സ്റ്റാർട്ട്അപ്പ് സംസ്കാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഈ പങ്കാളിത്തം വഴിയൊരുക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ഡിആർഡിഒയിലെ ശാസ്ത്രജ്ഞരെ ഒരു നിശ്ചിത കാലയളവിലേക്ക് അക്കാദമിക് സ്ഥാപനങ്ങളിൽ ഫാക്കൽറ്റിയായി വിന്യസിക്കുന്നതിന് ഡിആർഡിഒ ശാസ്ത്രജ്ഞരോടും അക്കാദമിക് പ്രവർത്തകരോടും ആലോചിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. അക്കാദമിക മേഖലയിലെ വിദഗ്ധർക്കും ഡിആർഡിഒയിൽ ശാസ്ത്രജ്ഞരായി ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിക്കാം.പ്രതിരോധ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരും ഡി.ആർ.ഡി.ഓയിലെയും അക്കാദമിക മേഖലയിലെയും മുതിർന്ന ഗവേഷകരും ചടങ്ങിൽ പങ്കെടുത്തു.

### കേരളത്തിന് എടുക്കാവുന്ന വായ്പ

# വെട്ടിക്കുറച്ചു

- അനുമതി 15,390 കോടി രൂപ വായ്പയെടുക്കാൻ മാത്രം
- കഴിഞ്ഞ വർഷം അനുമതി 23,000 കോടിരൂപയുടെ വായ്പയ്ക്ക്
- സംസ്ഥാനത്തിന്റെ സാമ്പത്തിക നില പരുങ്ങലിലാകും



**തിരുവനന്തപുരം :**സംസ്ഥാനത്തിന് എടുക്കാവുന്ന വായ്പ വൻതോതിൽ കേന്ദ്രം വെട്ടിക്കുറച്ചു. 32,500 കോടിരൂപ വായ്പയെടുക്കാൻ കഴിയുമെന്നാണ് നേരത്തെ കേന്ദ്രം അറിയിച്ചതെങ്കിലും 15,390 കോടി രൂപ വായ്പയെടുക്കാൻ മാത്രമാണ് അനുമതി നൽകിയത്. കഴിഞ്ഞ വർഷം 23,000 കോടിരൂപയുടെ വായ്പയാണ് അനുവദിച്ചത്. അതു കണക്കാക്കിയാൽ 7610 കോടിയുടെ കുറവാണ് ഇത്തവണ ഉണ്ടായിരിക്കുന്നത്. സംസ്ഥാനങ്ങൾക്ക് വായ്പ എടുക്കാവുന്ന തുക ഒരോ സാമ്പത്തിക വർഷത്തിന്റെയും തുടക്കത്തിൽ കേന്ദ്രസർക്കാരാണ് നിശ്ചയിക്കുന്നത്.ഇവർഷം എടുക്കാവുന്ന വായ്പാ തുകയ്ക്ക് അനുമതി തേടി സംസ്ഥാനം കേന്ദ്രത്തെ സമീപിച്ചിരുന്നു.ഇതിനുള്ള മറുപടിയിലാണ് ഈ സാമ്പത്തിക വർഷം വായ്പ എടുക്കാവുന്ന തുക സംബന്ധിച്ച് കേന്ദ്രം കേരളത്തിന് അറിയിപ്പു നൽകിയിരിക്കുന്നത്.വായ്പാ പരിധി കുറച്ചതോടെ സർക്കാരിന്റെ സാമ്പത്തിക നില കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുമെന്നാണ് ചൂണ്ടിക്കാട്ടുന്നത്.വായ്പ വെട്ടിക്കുറച്ചതിന്റെ കാരണം കേന്ദ്രം വ്യക്തമാക്കിയിട്ടില്ലെങ്കിലും കിഫ്ബിയുടെ പേരിൽ എടുത്ത വായ്പകളുടെ പേരിലാണ് തുക വെട്ടിക്കുറച്ചതെന്നാണ് വിവരം. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടതയി റിപ്പോർട്ടുണ്ടായിരുന്നുവെങ്കിലും സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങളും ക്ഷേമപെൻഷനുകളും പൂർണമായി നൽകാനായിട്ടില്ല. സർക്കാർ ജീവനക്കാരുടെയും യുജിസി അധ്യാപകരുടെയും ശമ്പള പരിഷ്കരണ കുടിശിക, ലീവ് സറണ്ടർ എന്നിവ കൊടുത്തുതീർത്തിട്ടില്ല. മാസം തോറും ക്ഷേമപെൻഷൻ വിതരണം ചെയ്യാനും കഴിയില്ല.. മാർച്ച് മുതലുള്ള മൂന്നുമാസത്തെ ക്ഷേമപെൻഷൻ ഇപ്പോൾ കുടിശികയാണ്. അതേ സമയം വായ്പാ പരിധി കുറച്ചത് സർക്കാരിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെ കൂടുതൽ പരുങ്ങലിലാക്കുമെന്ന് ധനവകുപ്പ് വ്യക്തമാക്കുന്നു.ജനങ്ങളെ ബുദ്ധിമുട്ടിക്കാതിരിക്കാൻ സർക്കാർ പരമാവധി ശ്രമിക്കുമെന്നും ധനവകുപ്പ് വ്യക്തമാക്കുന്നു.കിഫ്ബിയും പൊതുമേഖല സ്ഥാപനങ്ങളുമെടുത്ത വായ്പകൾ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തരുതെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ട് കേരളം കേന്ദ്രത്തിന് കത്തെഴുതിയിരുന്നെങ്കിലും കേന്ദ്രം ഇതിനു വഴങ്ങിയിട്ടില്ലെന്നാണ് വായ്പാ പരിധി വെട്ടിക്കുറച്ചതിലൂടെ വ്യക്തമാക്കപെടുന്നത്.

## ജൂൺ മുതൽ കേരളത്തിൽ കൂടുതൽ മഴ ലഭിക്കും

**കൊച്ചി:** ഇത്തവണ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള സീസണിൽ കേരളത്തിൽ സാധാരണയിൽ കൂടുതൽ മഴ ലഭിക്കാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.ഈ മാസം 30 വരെ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കി.മീ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിക്കുന്നു. 29 വരെ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത.28 വരെ കേരള ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യത.



## ഹെൽത്ത് പ്രമോട്ടർ നിയമനം

**കൊച്ചി:** ജില്ലയിൽ മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന്റെ കീഴിൽ പട്ടികവർഗ്ഗ ഹെൽത്ത് പ്രമോട്ടർമാരുടെ നിലവിലുള്ള 33 ഒഴിവുകളിലേയ്ക്ക് പട്ടികവർഗ്ഗ യുവതീയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവർ നടത്തുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും, വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ചികിത്സ ഉറപ്പു വരുത്തുന്നതിനുമാണ് നിയമനം നടത്തുന്നത്.സേവന സന്നദ്ധതയുള്ളവരും പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ 20മുതൽ 35 വരെ പ്രായമുള്ള പട്ടികവർഗ്ഗക്കാർക്ക് അപേക്ഷിക്കാവുന്നതാണ്. നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ , ആയുർവേദം, പാരമ്പര്യവൈദ്യം എന്നിവയിൽ പ്രാവീണ്യം നേടിയവർക്ക് മുൻഗണന നൽകുന്നതാണ്. നേരിട്ടുള്ള അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം.അപേക്ഷകൾ മെയ് 31 ന് വൈകീട്ട് 5ന് മുൻപായി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്/ ട്രൈബൽ എക്സ്റ്റനഷൻ ഓഫീസ് എന്നിവിടങ്ങളിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ജാതി,വിദ്യാഭ്യാസ യോഗ്യത പ്രായം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. ഒരാൾ ഒന്നിലധികം അപേക്ഷ സമർപ്പിക്കുവാൻ പാടില്ല.രണ്ടുവർഷമാണ് നിയമന കാലാവധി. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം യാത്രാബത്ത ഉൾപ്പടെ 13,500 രൂപ ഹോണറേറിയത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഫോൺ 0485 2814957,2970337

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് തലശ്ശേരി സെന്ററിൽ പ്ലേസ്മെന്റ് ഉറപ്പാക്കുന്ന ഡിപ്ലോമ, പി ജി ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷം ദൈർഘ്യമുള്ള പി ജി ഡിപ്ലോമ ഇൻ ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോഴ്സിന് ബിരുദമാണ് യോഗ്യത. ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് കോഴ്സിന് പ്ലസ്ടു ആണ് യോഗ്യത. അപേക്ഷ ഫോറം **www.kittsedu.org** എന്ന വെബ്സൈറ്റിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് : 0490 2344419

## സാധനങ്ങൾ ഇറക്കാൻ യൂണിയനുകൾ അനുവദിക്കുന്നില്ല : മരട് മാർക്കറ്റ് ട്രേഡേഴ്സ് അസ്സോസിയേഷൻ

**കൊച്ചി:**മരട് മാർക്കറ്റിൽ വ്യാപാരത്തിനായി കൊണ്ടുവന്ന പഴം,പച്ചക്കറി അടക്കമുള്ള സാധനങ്ങളുടെ ലോഡ് ഇറക്കാൻ അനുവദിക്കാതെ തൊഴിലാളി യുണിയനുകളിലെ പ്രവർത്തകർ ഏർപ്പെടുത്തിയിരിക്കുന്ന ഉപരോധം മൂലം മാർക്കറ്റിലെ വ്യാപാരികൾക്ക് കോടികളുടെ നഷ്ടം സംഭവിക്കുകയാണെന്നും പ്രശ്ന പരിഹാരത്തിന് ജില്ലാ ഭരണകൂടവും പോലിസും അടിയന്തരമായി ഇടപെടണമെന്നും മരട് മാർക്കറ്റ് ട്രേഡേഴ്സ് അസ്സോസിയേഷൻ പ്രസിഡന്റ് എസ്. എം. മുഹയുദ്ദീൻ,ജനറൽ സെക്രട്ടറി അബ്ദുൾ വഹാബ്,ട്രഷറർ എ.കെ സഫ്വാൻ എന്നിവർ ആവശ്യപ്പെട്ടു. ഐ.എൻ. ടി.യു.സി,സി.ഐ.ടി.യു യൂണിയനുകളിൽ പെട്ട തൊഴിലാളികളാണ് സാധനങ്ങൾ ഇറക്കാനും കയറ്റുവാനും സമ്മതിക്കാതെ ഉപരോധം ഏർപ്പെടുത്തിയിരിക്കുന്നത്.ഇതു മൂലം മൂന്നു കോടിയലിധികം രൂപ വരുന്ന പഴം,പച്ചക്കറി അടക്കമുള്ള സാധനങ്ങളാണ് വെയിലും മഴയുമേറ്റ് കെട്ടിക്കിടന്ന് നശിക്കുന്നത്.മാർക്കറ്റിലെ സ്ഥിരം തൊഴിലാളികളെയും വ്യാപാരികളെയും സാധനങ്ങൾ ഇറക്കാൻ സമ്മതിക്കാതെ ഇവർ ഭീഷണിപ്പെടുത്തി നിർത്തിയിരിക്കുകയാണെന്നും അസ്സോസിയേഷൻ ഭാരവാഹികൾ വ്യക്തമാക്കി.മാർക്കറ്റിലെ കയറ്റിറക്കുമായി ബന്ധപ്പെട്ട് കേസിന്റെ വിധി വരാനിരിക്കെയാണ് തൊഴിലാളിയൂണിയനുകൾ ഉപരോധം ഏർപ്പെടുത്തിയിരിക്കന്നത്.ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും അസോസിയേഷൻ ഭാരവാഹികൾ പറഞ്ഞു.സംഭവവുമായി ബന്ധപ്പെട്ട് ജില്ലാ കലക്ടർ,കൊച്ചി സിറ്റി പോലിസ് കമ്മീഷണർ,ലേബർ ഓഫിസർ അടക്കമുള്ളവർക്ക് പരാതി നൽകിയിട്ടുണ്ട്.അടിയന്തരമായി അധികൃതർ വിഷയത്തിൽ ഇടപെട്ട് പ്രശ്നം പരിഹരിക്കണമെന്നും അല്ലെങ്കിൽ വൻ നഷ്ടമായിരിക്കും വ്യാപാരികൾക്കുണ്ടാകുകയെന്നും ഇവർ പറഞ്ഞു.

# കേരളത്തിന്റെ വരുമാനത്തിൽ വലിയ വളർച്ച: ധന മന്ത്രി



**കണ്ണൂർ:** കഴിഞ്ഞ മാർച്ചോടെ കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ 50 വർഷത്തിലെ ഏറ്റവും വലിയ വളർച്ച രേഖപ്പെടുത്തിയതായി ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. പയ്യന്നൂർ സബ് ട്രഷറിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.2021ൽ ഈ സർക്കാർ ചുമതല ഏൽക്കുമ്പോൾ കോവിഡിന്റെ സമയം, ആകെ ഒരു വർഷത്തെ നികുതി വരുമാനം 47,000 കോടി രൂപയായിരുന്നു. അതിൽ ഈ കഴിഞ്ഞ മാർച്ച് ആയപ്പോൾ രണ്ടു വർഷം കൊണ്ട് 26,000 കോടി രൂപയുടെ വർധനവുണ്ടായി.മാർച്ച് മാസം വരുമ്പോൾ കേരളം ശ്രീലങ്ക പോലെയാകും, പാകിസ്ഥാൻ പോലെയാകും എന്ന് മാധ്യമങ്ങൾ എഴുതി. ഉദ്യോഗസ്ഥന്മാർ ആശങ്കപ്പെട്ടു. മാർച്ച് കഴിഞ്ഞപ്പോൾ ഇപ്പോൾ ഇഷ്ടം പോലെ പണം ഉണ്ടല്ലോ, കുറച്ചു കൂടി ഉദാരമായിക്കൂടെ എന്ന് ചോദിക്കുന്നുണ്ട്. പക്ഷെ വളരെ ഉദാരമാകാവുന്ന തരത്തിലേക്ക് കാര്യങ്ങൾ എത്തിയിട്ടില്ല. കേന്ദ്ര വിഹിതം 40,000 കോടി കുറവുള്ളപ്പോൾ നമ്മളെ ഏറ്റവും പ്രധാനമായും രക്ഷപ്പെടുത്തിയത് ആഭ്യന്തര വരുമാനം വർധിപ്പിച്ചതാണ്.കേരളത്തിന് കേന്ദ്രത്തിൽനിന്ന് അർഹമായ നികുതി വരുമാനം നമുക്ക് കിട്ടണം. കേന്ദ്രത്തിൽ നിന്ന് ഏറ്റവും കുറവ് നികുതി വിഹിതം കിട്ടുന്നത് കേരളത്തിനാണ്. ഇതിന് പുറമെ കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിന് കേന്ദ്ര ഗ്രാൻഡിൽ ഒൻപത് ശതമാനം കുറവുണ്ടായെന്നും മന്ത്രി പറഞ്ഞു. അതേ സമയം കർണാടകത്തിന് 24 ശതമാനവും തമിഴ്നാടിന് ഏഴ് ശതമാനവും വർധനവുണ്ടായി. കേരളത്തിലെ ഓരോരുത്തർക്കും കിട്ടേണ്ട ആനുകൂല്യങ്ങളാണ് കേന്ദ്രം വെട്ടിക്കുറക്കുന്നത്. കേരളത്തിന് ഇപ്പോൾ കിട്ടേണ്ടതിൽ 40,000 കോടി രൂപയെങ്കിലും അധികം കിട്ടേണ്ടതാണ്. അത് തരുന്നില്ല എന്നത് കേരളത്തിന്റെ ഗവണ്മെന്റിന്റെ പ്രശ്നമല്ല, ഓരോ ജനങ്ങളോടുമുള്ള വെല്ലുവിളിയാണെന്നും മന്ത്രി ബാലഗോപാൽ പറഞ്ഞു. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ആധുനിക സൗകര്യങ്ങളോടെ ട്രഷറി കെട്ടിടം നിർമിച്ചത്.ടി ഐ മധുസൂദനൻ എംഎൽഎ അധ്യക്ഷനായി.

# അഴിമതിക്കാർക്കെതിരെ മുഖം നോക്കാതെ നടപടി: മന്ത്രി കെ രാജൻ

**തൃശൂർ:** അഴിമതിക്കെതിരെ കുരിശുയുദ്ധം നടത്തുന്ന പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നതെന്നും അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുമെന്നും റവന്യു ഭവന നിർമ്മാണവകുപ്പ് മന്ത്രി കെ രാജൻ. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 'കരുതലും കൈത്താങ്ങും' കുന്നംകുളം താലൂക്ക് തല പരാതി പരിഹാര അദാലത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.



അഴിമതി തുടച്ച് നീക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പും ഡിജിറ്റലൈസ് ചെയ്യുകയാണ്. സർക്കാരും ജീവനക്കാരും പൊതുജനങ്ങളും അഴിമതിക്കെതിരായ പ്രവർത്തനങ്ങളിൽ അണിചേരണമെന്നും മന്ത്രി ആവശ്യപ്പെട്ടു.ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവർക്ക് സർക്കാർ കരുതലും കൈത്താങ്ങുമാകുകയാണ്. ദീർഘകാലമായി പരിഹരിക്കപ്പെടാതെ പോയ നിരവധി പ്രശ്നങ്ങൾക്ക് അദാലത്തിലൂടെ തീർപ്പ് കൽപ്പിക്കാനായത് സർക്കാർ ജനങ്ങൾക്കൊപ്പം നിൽക്കുന്നതുകൊണ്ടാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.അദാലത്തിന്റെ അനുഭവം ഉൾക്കൊണ്ട് ഭാവിയിൽ പരാതികൾ കുറയ്ക്കാനുള്ള ഇടപെടൽ വിവിധ വകുപ്പുകൾ നടത്തണമെന്ന് ചടങ്ങിൽ അധ്യക്ഷനായ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കക്ഷേമ, ദേവസ്വം വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ പറഞ്ഞു. ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ ബിന്ദു മുഖ്യാതിഥിയായി. കുന്നംകുളം രാജീവ് ഗാന്ധി മുൻസിപ്പൽ ടൗൺ ഹാളിൽ നടന്ന അദാലത്തിൽ എംഎൽഎമാരായ എ സി മൊയ്തീൻ, മുരളിപെരുനെല്ലി, കുന്നംകുളം നഗരസഭാ ചെയർപേഴ്സൺ സീത രവീന്ദ്രൻ, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആൻസി വില്യംസ്, കലക്ടർ വി ആർ കൃഷ്ണ തേജ, സബ് കലക്ടർ മുഹമ്മദ് ഷഫീഖ്, അസി. കലക്ടർ വി എം ജയകൃഷ്ണൻ, കുന്നംകുളം തഹസിൽദാർ ഒ ബി ഹേമ, വാർഡ് കൗൺസിലർ മിനി മോൺസി തുടങ്ങിയവർ പങ്കെടുത്തു.

# തീരസദസ് ഇന്ന് ; മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും




**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് ഫിഷറീസ് വകുപ്പ് സംഘടിപ്പിക്കുന്ന തീരസദസ് ഇന്ന് രാവിലെ 10.30 ന് ഫോർട്ടുകൊച്ചി വെളി ഗ്രൗണ്ടിൽ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. തീരപ്രദേശങ്ങളിലെ ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ടു മനസിലാക്കി പരിഹരിക്കുന്നതിനും വികസന, ക്ഷേമ പ്രവർത്തനങ്ങൾ അവരിലേക്ക് എത്തിക്കുന്നതിനു മായാണ് കൊച്ചി, വൈപ്പിൻ നിയോജക മണ്ഡലങ്ങളിൽ അദാലത്ത് മാതൃകയിൽ തീരസദസ് സംഘടിപ്പിക്കുന്നത്. കൊച്ചി മണ്ഡലത്തിൽ ഫോർട്ടുകൊച്ചി ഗ്രാന്റ് കാനിയൻ ഹോട്ടൽ ഓഡിറ്റോറിയത്തിൽ രാവിലെ 9 മുതൽ ജനപ്രതിനിധികളുമായുള്ള ചർച്ചയും ഫോർട്ട്കൊച്ചി വെളി ഗ്രൗണ്ടിൽ 10.30 മുതൽ തീരസദസും സംഘടിപ്പിക്കും. വൈപ്പിൻ മണ്ഡലത്തിൽ ഞാറയ്ക്കലിലെ ഐലന്റ് ക്ലബ് ഓഡിറ്റോറിയത്തിൽ ഉച്ചയ്ക്ക് മൂന്ന് മുതൽ ജനപ്രതിനിധികളുമായുള്ള ചർച്ചയും ഞാറയ്ക്കൽ മാഞ്ഞൂരാൻ ഹാളിൽ വൈകിട്ട് അഞ്ചു മുതൽ തീരസദസും സംഘടിപ്പിക്കും.ഓൺലൈനായും ഓഫ്ലൈനായും ലഭിച്ച 1020 പരാതികളാണ് തീരസദസിൽ പരിഗണിക്കുന്നത്. കൊച്ചി മണ്ഡലത്തിൽ 556 ഉം വൈപ്പിനിൽ 464 പരാതികളും പരിഗണിക്കും.മത്സ്യത്തൊഴിലാളികളുടെ പാരമ്പര്യ അറിവ് ആധാരമാക്കി, പ്രാദേശിക പരിഗണന നൽകി നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള ചുവടുവെയ്പ്പാണ് തീരസദസ്. 47 തീരദേശ മണ്ഡലങ്ങളിലായി സംഘടിപ്പിക്കുന്ന തീരസദസ് 2023 ഏപ്രിൽ 23 ന് തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും. ഹൈബി ഈഡൻ എം.പി., കെ.ജെ. മാക്സി എം.എൽ.എ, ഉണ്ണികൃഷ്ണൻ എം.എൽ.എ, കൊച്ചി മേയർ എം. അനിൽകുമാർ ജില്ല പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ജനപ്രതിനിധികൾ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതാക്കൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

# ഇവോക്ക് വാർഷിക സമ്മേളനം നാളെ കൊച്ചിയിൽ




**കൊച്ചി:**സംസ്ഥാനത്തെ വൈദ്യുതി വാഹന ഉടമകളുടെ കൂട്ടായ്മയായ ഇലക്ട്രിക് വെഹിക്കിൾസ് ഓണേഴ്സ് അസോസിയേഷൻ വാർഷിക സമ്മേളനം മെയ് 28ന് കളമശ്ശേരി ആഷിസ് കൺവെൻഷൻ സെന്ററിൽ നടക്കും. രാവിലെ 10ന് സംസ്ഥാന വ്യവസായനിയമകയർ വകുപ്പുമന്ത്രി പി രാജീവ് സമ്മേളനം ഉത്ഘാടനം നിർവഹിക്കും.ഇവി ചാർജിങ് സ്റ്റേഷൻ രംഗത്തെ മുൻനിര കേരള സ്റ്റാർട്ട്അപ്പായ ചാർജ് മോഡുമായി സഹകരിച്ച് സഹകരിച്ച് സംസ്ഥാനമോട്ടാകെ ഇവോക് ആരംഭിക്കുന്ന 30 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളുടെ ഉത്ഘാടനം സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി നിർവഹിക്കും.ഇവോക് ചാർജിങ് സ്റ്റേഷനുകളുടെ ഉപയോഗം വാഹന ഉടമകൾക്ക് എളുപ്പത്തിലാക്കാൻ സഹായിക്കുന്ന ചാർജിങ് മൊബൈൽ അപ്ലിക്കേഷൻ എറണാകുളം എംപി ഹൈബി ഈഡൻ സമ്മേളനത്തിൽ അവതരിപ്പിക്കും.ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം കൂട്ടുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും പ്രശ്നരഹിതമായി ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളും സംസ്ഥാനമോട്ടാകെ നൽകി വരുന്ന സംഘടയാണ് ഇവോക്(ഋഢഛഗ). രാജ്യത്തെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുന്നത്തിനും പ്രചരിപ്പിക്കുന്നതിനുമുള്ള വിവിധ ഏജൻസികളുടെ ഉദ്യമങ്ങളെ പിന്തുണക്കുകയും സഹായിക്കുകയുമാണ് ഇവോക്കിന്റെ മുഖ്യ ലക്ഷ്യം.ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കേരളമുടനീളം 30 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളാണ് ഇവോക് സ്ഥാപിക്കുന്നത്. അവ ഉപഭോക്തൃ സൗഹൃദമാക്കാൻ ചാർജിങ് മൊബൈൽ അപ്ലിക്കേഷനും അവതരിപ്പിക്കുന്നുണ്ട്. സമീപ ഭാവിയിൽ തന്നെ സംസ്ഥാനത്ത് ചാർജിങ് സ്റ്റേഷനുകളുടെ എണ്ണം വർധിപ്പിക്കാനും ഇവോക് ലക്ഷ്യമിടുന്നു. കൂടാതെ വീടുകളിൽ സൗരോർജ്ജ ഉപഭോഗം വർദ്ധിപ്പിക്കുക, ഇലക്ട്രിക് വാഹനങ്ങൾ സൗരോർജ്ജത്തിൽ ചാർജ് ചെയ്യുക, മറ്റ് പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ എന്നിവക്കും ഇവോക് നേതൃത്വം നൽകുന്നുണ്ട്.കളമശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ സീമ കണ്ണൻ, കെഎസ്ഇബി ചെയർമാൻ ഡോ രാജൻ എൻ ഖൊബ്രഗഡെ ഐഎഎസ്, സിറ്റി പോലിസ് കമ്മീഷണർ സേതുരാമൻ ഐപിഎസ്, ചാർജ്മോഡ് സിഇഒ രാമാനുണ്ണി, ടാറ്റാ പാസഞ്ചർ ഇലക്ട്രിക് മൊബൈലിറ്റി സീനിയർ മാനേജർ നിതിൻ ഫിലിപ്പ്, സംസ്ഥാനത്തെ നൂറുകണക്കിന് ഇലക്ട്രിക് വാഹന ഉടമകൾ തുടങ്ങിയവർ പങ്കെടുക്കും

# ഗവ: അഡ്വാൻസ്ഡ് ഷോർട്ട് ടേം കോഴ്സ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കളമശ്ശേരി ഗവ: എ.വി.ടി.എസ് നടത്തുന്ന ഗവ: അഡ്വാൻസ്ഡ് ഷോർട്ട് ടേം കോഴ്സുകളായ മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് (ഇലക്ട്രിക്കൽ), ഓട്ടോകാഡ് ആന്റ് ത്രീഡിഎസ് മാക്സ്(കമ്പ്യൂട്ടർ എയ്ഡഡ് ഡ്രാഫ്റ്റിംഗ്) എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ കളമശ്ശേരി ഐ.ടി.ഐ ക്യാംപസിൽ പ്രവർത്തിക്കുന്ന ഗവ:എ.വി.ടി.എസിൽ നേരിട്ട് നൽകാം. ഐ.ടി.ഐ ട്രേഡുകൾ (എൻടിസി) പാസായവർക്കോ/ ഡിപ്ലോമ/ഡിഗ്രിയുള്ളവർക്കോ/ മൂന്ന് വർഷത്തെ പ്രാക്ടിക്കൽ പ്രവൃത്തിപരിചയമുള്ളവർക്ക് സ്പോൺസർഷിപ്പോടുകൂടിയോ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 04842557275, 9847964698 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

# ട്യൂട്ടർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മലയാറ്റൂർ ഗവൺമെന്റ് പ്രീമെട്രിക് ഹോസ്റ്റലിൽ അഞ്ചു മുതൽ 10 വരെ ക്ലാസുകളിലേക്ക് ട്യൂട്ടർമാരെ നിയമിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ്, ഹിന്ദി, ഗണിതം, സയൻസ്, ബയോളജി, സോഷ്യൽ സയൻസ് വിഷയങ്ങളിൽ ബിഎഡ് ഉള്ളവർക്കും യു പി വിഭാഗത്തിൽ റ്റിറ്റിസിയോ ബിരുദമോ ഉള്ളവർക്ക് അപേക്ഷിക്കാം. ഹൈസ്കൂൾ വിഭാഗത്തിൽ 6000 രൂപയും യുപി വിഭാഗത്തിൽ 4500 രൂപയുമാണ് പ്രതിമാസ ഹോണറേറിയം. താല്പര്യമുള്ളവർ ഈ മാസം 27ന് മുമ്പായി സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അങ്കമാലി ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കണം കൂടുതൽ വിവരങ്ങൾക്ക്: 9946762668.

# ഹോസ്റ്റൽ നടത്തുന്നതിന് വാടകയ്ക്ക് കെട്ടിടം ആവശ്യമുണ്ട്

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന് ജില്ലയിൽ പുതുതായി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുന്നതിന വാടകയ്ക്ക് കെട്ടിടം ആവശ്യമുണ്ട്. എറണാകുളം നഗര പരിധിയിൽ 5000 ചതുരശ്ര അടി വലുപ്പത്തിൽ കുറയാത്തതും വെള്ളം, വൈദ്യുതി, ഗതാഗത സൗകര്യം എന്നിവ ലഭ്യമായിട്ടുള്ള കെട്ടിടമാണ് ആവശ്യമുള്ളത്. അത്തരത്തിലുള്ള കെട്ടിടം വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ളവർ ജില്ലാ പട്ടികജാതി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ നമ്പർ: 0484 2422256

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ ഭാഗങ്ങളിലെ വാട്ടർടാങ്കുകൾ വൃത്തിയാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചു. മുദ്രവച്ച കവറിൽ മെഡിക്കൽ സൂപ്രണ്ട്, എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രി എന്ന വിലാസത്തിൽ തപാലിലോ പ്രവൃത്തി ദിവസങ്ങളിൽ നേരിട്ടോ സമർപ്പിക്കാവുന്നതാണ്. ക്വട്ടേഷൻ നമ്പറും പ്രവൃത്തിയുടെ പേരും കവറിനു മുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 01062023 ( ഉച്ചയ്ക്ക് 2 വരെ) അപൂർണ്ണമായതും നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്തതുമായ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്ന് പ്രവൃത്തി സമയങ്ങളിൽ നേരിട്ട് അറിയാവുന്നതാണ്.

# വരാപ്പുഴഅതിരൂപത മതാധ്യാപക സംഗമം നാളെ

**കൊച്ചി.**വരാപ്പുഴ അതിരൂപത മതാധ്യാപക സംഗമം *ഡിഡാക്കെ 2023* നാളെ രാവിലെ 9 മണി മുതൽ 4 മണി വരെ എറണാകുളം പാപ്പാളി ഹാളിൽ സംഘടിപ്പിക്കും. രാവിലെ 10 മണിക്ക് വരാപ്പുഴ ആർച്ച് ബിഷപ്പ് ഡോ.ജോസഫ് കളത്തിപ്പറമ്പിൽ ഡിഡാക്കെ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. അതിരൂപത മതബോധന കമ്മീഷൻ ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപറമ്പിൽ സ്വാഗതവും സെക്രട്ടറി എൻ.വി. ജോസ് നടുവിലവീട്ടിൽ നന്ദിയും പറയും. മതബോധന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ മതാധ്യാപകർക്ക് അഭിവന്ദ്യപിതാവ് ഉപഹാരം നൽകി ആദരിക്കും.അതിരൂപത മതബോധന ഡയറക്ടറി ഗുരുനാഥൻ ആർച്ച്ബിഷപ് പ്രകാശനം ചെയ്യും. വിവിധമത്സരങ്ങളിൽ അതിരൂപതതലത്തിൽ വിജയികളായവർക്കുള്ള സമ്മാനങ്ങളും തദവസരത്തിൽ വിതരണം ചെയ്യും. തുടർന്ന് തോട്ടുവ നവജീവൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. വിബിൻ ചൂതംപറമ്പിൽ നയിക്കുന്ന ധ്യാനം ആരംഭിക്കും.

ഉച്ച കഴിഞ്ഞ് 2.30 ന് ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപറമ്പിൽ നയിക്കുന്ന ഓറിയന്റേഷൻ ക്ലാസ് ആരംഭിക്കും. തുടർന്ന് അടുത്ത അധ്യയന വർഷത്തെ കർമപദ്ധതികളെക്കുറിച്ചുള്ള വിശദീകരണവും ചർച്ചകളും നടക്കും. വൈകിട്ട് 4 മണിക്ക് മതാധ്യാപകസംഗമം അവസാനിക്കും.

## എജ്യൂപ്രസ് : പഠനോപകരണങ്ങൾ വിതരണം ചെയ്തു



**കൊച്ചി:** എറണാകുളം പ്രസ് ക്ലബ്ബ് അംഗങ്ങളുടെ മക്കൾക്കായി പഠനോപകരണങ്ങൾ നൽകുന്ന എജ്യുപ്രസ് പദ്ധതിയുടെ വിതരണോദ്ഘാടനം മേയർ അഡ്വ. എം.അനിൽകുമാർ നിർവഹിച്ചു. പ്രസ് ക്ലബ്ബ് ഹാളിൽ നടന്ന ചടങ്ങിൽ എറണാകുളം പ്രസ് ക്ലബ്ബ് പ്രസിഡന്റ് എം.ആർ. ഹരികുമാർ അധ്യക്ഷത വഹിച്ചു. സ്പോൺസർമാരായ മണപ്പുറം ഫിനാൻസ് ലിമിറ്റഡ് കോർപറേറ്റ് കമ്മ്യൂണിക്കേഷൻസ് ജനറൽ മാനേജർ സുജിത് ചന്ദ്രകുമാർ, കിൻഡർ ഹോസ്പിറ്റൽ ജി.എം പ്രമോഷൻസ് എസ്.ശ്രീജിത്ത് എന്നിവർ സംസാരിച്ചു. പ്രസ് ക്ലബ്ബ് സെക്രട്ടറി എം.സൂഫി മുഹമ്മദ് സ്വാഗതവും ട്രഷറർ മനു ഷെല്ലി നന്ദിയും പറഞ്ഞു.

## തുല്യതാ പഠിതാക്കൾക്ക് സൗജന്യമായി പഠിക്കാം; 30 വരെ അപേക്ഷിക്കാം

**കൊച്ചി:** എറണാകുളം ജില്ല സമ്പൂർണ്ണ തുല്യത നേടുക എന്ന ലക്ഷ്യത്തോടെ ഈ വർഷത്തെ പദ്ധതിയിൽ പത്താംതരം ഹയർ സെക്കൻഡറി തുല്യതാ പഠിതാക്കൾക്ക് സൗജന്യമായി പഠിക്കാനുള്ള അവസരം ഒരുക്കുമെന്ന് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് അറിയിച്ചു. ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി യാണ് പത്ത്, ഹയർ സെക്കൻഡറി തുല്യതാപഠിതാക്കൾക്ക് സൗജന്യമായി പഠിക്കാനുള്ള അവസരം ഒരുക്കുന്നത്. 15 ലക്ഷം രൂപയാണ് ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മെയ് 30നകം രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. പത്താംതരം തുല്യതയ്ക്ക് 17 വയസ്സ് പൂർത്തിയായ, ഏഴാം തരം പാസ്സായ ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. ഹയർസെക്കൻഡറി തുല്യതയ്ക്ക് 22 വയസ്സ് പൂർത്തിയായ പത്താംതരം വിജയിച്ചവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധിയില്ല.പഠിതാവിന്റെ അപേക്ഷാഫോറം, പഠിതാവിന്റെ യോഗ്യത സർട്ടിഫിക്കറ്റ്, ഈ രേഖകൾ അടക്കം മെയ് 30 ന് മുൻപ് കളക്ടറേറ്റിലുള്ള ജില്ലാ സാക്ഷരതാ മിഷൻ ഓഫീസിൽ എത്തിക്കണം. ഫോൺ:
0484 2426596,7558941039,+91 94473 06828,9496229476.

## തൊഴിലരങ്ങത്തേക്ക് : ജോബ് ഓഫർ ലെറ്റർ വിതരണം നടത്തി



**കൊച്ചി:** വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടും തൊഴിൽ ലഭിക്കാത്ത, തൊഴിലെടുക്കാൻ അനുകൂല സാഹചര്യമില്ലാത്ത സ്ത്രീകൾക്കായി സംഘടിപ്പിപ്പിക്കുന്ന തൊഴിലരങ്ങത്തേക്ക് പദ്ധതിയുടെ ഭാഗമായി ജോലി ലഭിച്ച ഉദ്യോഗാർത്ഥികൾക്കുള്ള ജോബ് ഓഫർ ലെറ്റർ വിതരണം ചെയ്തു. കാക്കനാട് പെൻഷൻ ഭവനിൽ വച്ച് നടന്ന പരിപാടിയിൽ കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ ടി. എം. റെജീന പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. കേരള നോളജ് ഇക്കോണമി മിഷന്റെയും കുടുംബശ്രീ ജില്ലാ മിഷന്റെയും ആഭിമുഖ്യത്തിലാണ് സ്ത്രീകൾക്കായി തൊഴിലരങ്ങത്തേക്ക് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി ജോലി ലഭിച്ച വിവിധ ഉദ്യോഗാർത്ഥികളിൽ നിന്നും തിരഞ്ഞെടുത്ത ആളുകൾക്കാണ് ജോബ് ഓഫർ ലെറ്റർ വിതരണം നടത്തിയത്. കൂടാതെ ജില്ലയിലെ കമ്മ്യൂണിറ്റി അംബാസഡർമാർക്ക് വേണ്ടിയുള്ള ഏകദിന പരിശീലന പരിപാടിയും ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ചു.കേരള നോളജ് ഇക്കോണമി മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ മിഥു പ്രസാദ്, കേരള നോളജ് ഇക്കോണമി മിഷൻ സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ അപ്പു, ജില്ലാ പ്രോഗ്രാം മാനേജർമാരായ പി ആർ അരുൺ, പി എ അജിത്, എൻ അജേഷ്, ഓഫീസ് സെക്രട്ടറിയൽ സ്റ്റാഫ് റെനിൽ ദേവ് എന്നിവർ പങ്കെടുത്തു.

# ജനങ്ങളുടെ സേവകരാണ് ഉദ്യോഗസ്ഥർ: മന്ത്രി പി. രാജീവ്



**കൊച്ചി:**ജനങ്ങളുടെ സേവകരാണ് തങ്ങൾ എന്ന മനോഭാവത്തിൽ വേണം ഓരോ ഉദ്യോഗസ്ഥരും പ്രവർത്തിക്കാൻ എന്ന് മന്ത്രി പി. രാജീവ്. കരുതലും കൈത്താങ്ങും കോതമംഗലം താലൂക്കുതല അദാലത്ത് മാർ ത്തോമാ ചെറിയ പള്ളി കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾക്കാണ് പരമാധികാരം. ഓരോ ഫയലും ഓരോ ജീവിതമാണ് എന്ന നയമാണ് സർക്കാരിനുള്ളത്. ആ നയത്തോട് ചേർന്നാണ് ഭൂരിഭാഗം ഉദ്യോഗസ്ഥരും പ്രവർത്തിക്കുന്നത്. എന്നാൽ ചില പുഴുക്കുത്തുകൾ ഇനിയും അവശേഷിക്കുന്നുണ്ട്. അവർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. തെറ്റായ പ്രവണതകൾ വച്ചുപൊറുപ്പിക്കില്ല. ജനോപകാരപ്രദമായ സമീപനമാണ് ഉദ്യോഗസ്ഥരിൽ നിന്നുണ്ടാകേണ്ടത്. എങ്ങനെ ഒരു അപേക്ഷ തീർപ്പാക്കാതിരിക്കാം എന്നല്ല, മറിച്ച് എങ്ങനെ നിയമവിധേയമായി തീർപ്പാക്കാം എന്നാണ് ചിന്തിക്കേണ്ടത്. എറണാകുളം ജില്ലയിലെ താലൂക്ക് തല അദാലത്തുകൾ വലിയ വിജയമായിരുന്നുവെന്നും മികച്ച പ്രവർത്തനമാണ് ഉദ്യോഗസ്ഥർ നടത്തിയതെന്നും മന്ത്രി പറഞ്ഞു.അദാലത്തിൽ എടുക്കുന്ന തീരുമാനങ്ങൾ കാലതാമസം കൂടാതെ നടപ്പാക്കണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സംസാരിച്ച കർഷക കാർഷിക ക്ഷേമവകുപ്പ് മന്ത്രി പി. പ്രസാദ് പറഞ്ഞു. അദാലത്തുകൊണ്ട് എല്ലാം അവസാനിക്കുന്നില്ല, തുടർപ്രവർത്തനങ്ങൾ വേണം. അദാലത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് കൃത്യമായ അവലോകനമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.ചടങ്ങിൽ13 പേർക്ക് മുൻഗണനാ വിഭാഗത്തിലുള്ള റേഷൻ കാർഡുകൾ വിതരണം ചെയ്തു. ആന്റണി ജോൺ എം.എൽ.എ, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ, കോതമംഗലം നഗരസഭ ചെയർമാൻ കെ. കെ ടോമി, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എ.എം ബഷീർ, വാർഡ് കൗൺസിലർ ഷിബു കുര്യാക്കോസ്, മൂവാറ്റുപുഴ ആർ.ഡി.ഒ പി.എൻ. അനി, മലയാറ്റൂർ ഡി .എഫ്.ഒ. ( ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ )രവികുമാർ മീണ, കോതമംഗലം ഡി.എഫ്.ഒ വരുൺ ഡാലിയ, ഡെപ്യൂട്ടി കളക്ടർമാരായ ബി.അനിൽകുമാർ, എസ്. ബിന്ദു, കെ. ഉഷ ബിന്ദുമോൾ, ഹുസൂർ ശിരസ്തദാർ കെ. അനിൽകുമാർ മേനോൻ, തഹസിൽദാർമാരായ റേച്ചൽ കെ. വർഗീസ്, കെ. എം നാസർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടികളിലെ മാനസിക വളർച്ച;ടാറ്റാ സോൾട്ടിന്റെ പുതിയ പ്രചാരണ പരിപാടി




**കൊച്ചി:** കുട്ടികളിലെ സ്വാഭാവിക മാനസിക വളർച്ചയുടെ പ്രാധാന്യവും അവർക്ക് ആവശ്യമായ അയഡിൻ ലഭ്യമാക്കുന്നതിന്റെ നേട്ടങ്ങളും ഉയർത്തിക്കാട്ടിയുള്ള പുതിയ പ്രചാരണ പരിപാടിക്കു ടാറ്റാ സോൾട്ട് തുടക്കം കുറിച്ചു. 'തേസ് ബെച്ചോ സേ ഹി തോ തേസ് ദേശ് ബൻതാ ഹേ' എന്ന പേരിലുള്ള ഈ കാമ്പയിൻ രാഷ്ട്രത്തിന്റെ ആരോഗ്യം, രാഷ്ട്രത്തിൻറെ ഉപ്പ് എന്ന ബ്രാൻഡിന്റെ അടിസ്ഥാന പ്രമേയത്തോട് ചേർന്നു നിന്നുള്ളതാണെന്ന് ടാറ്റാ കൺസ്യൂമർ പ്രൊഡക്ട്സിൻറെ പാക്കേജ്ഡ് ഫുഡ്സ് ഇന്ത്യ പ്രസിഡൻറ് ദീപിക ഭാൻ പറഞ്ഞു.പരിചരണത്തിൽ ശ്രദ്ധാലുവായ അമ്മ ഭക്ഷണ വേളയിൽ മകളുമായി സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഫിലിമാണ് ഈ കാമ്പയിന്റെ മുഖ്യഭാഗം. രാജ്യത്തിൻറെ ആരോഗ്യത്തിന്റെ കാവൽക്കാരൻ എന്ന പ്രതിബദ്ധതയാണ് ടാറ്റാ സോൾട്ടിനുള്ളതെന്ന ദീപിക ഭാൻ പറഞ്ഞു. കുട്ടികളുടെ മാനസിക വികാസത്തിന് കൃത്യമായ അളവിലെ അയഡിൻ ആവശ്യമാണെന്നു തങ്ങൾ മനസിലാക്കുന്നു. ടാറ്റാ സോൾട്ടിന്റെ ഓരോ ബാഗിലും അതു ലഭ്യമാക്കുന്നു എന്നും ദീപിക ഭാൻ ചൂണ്ടിക്കാട്ടി.ഓരോ തവണ ഉപയോഗിക്കുമ്പോഴും ആവശ്യമായ അളവിൽ അയഡിൻ അതിലൂടെ ലഭിക്കുന്നു എന്നുറപ്പിക്കാനുള്ള ഉന്നത നിലവാരത്തിലുള്ള പ്രക്രിയയാണ് ടാറ്റാ സോൾട്ട് നടത്തുന്നത്. ഇതിലൂടെ കുട്ടികളുടെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് പിന്തുണ നൽകുകയും രാഷ്ട്ര നിർമാണത്തിൽ പങ്കാളിയാകുകയുമാണു ചെയ്യുന്നത്.ഹൃദയസ്പർശിയായ ഈ സംഗീത ചിത്രം ഷേതഭ് വർമയാണ് സംവിധാനം ചെയ്തത്. എക്സ്പ്രെസ്സോ സ്ക്രിപ്റ്റു ചെയ്യുകയും നേ ഓർത്ത് സൈഡ് ബ്രാൻഡ് വർക്സ്, പ്രൈം ഫോകസ് ടെക്നോളജീസ് എന്നിവർ അവതരിപ്പിക്കുകയും ചെയ്തു. ടിവി, ഡിജിറ്റൽ, സാമൂഹ്യ മാധ്യമ ചാനലുകൾ എന്നിവിടങ്ങളിൽ ഈ കാമ്പെയിൽ അവതരിപ്പിക്കും. ഡിജിറ്റൽ ഫിലിമിനായുള്ള ലിങ്ക്:
https://www.youtube.com/watch?v=6AgiAz-Vz5ug

# ബിവിബിയുടെ ഇന്ത്യയിലെ ഔദ്യോഗിക യൂത്ത് ഡെവലപ്മെന്റ് പങ്കാളിയായി എഎംഎം ഫൗണ്ടേഷൻ




**കൊച്ചി:** മുരുഗപ്പ ഗ്രൂപ്പിന്റെ ജീവകാരുണ്യ വിഭാഗമായ എഎംഎം ഫൗണ്ടേഷനും ബോറഷ്യ ഡോർട്ട്മുണ്ടുമായി (ബിവിബി) ജൂലൈയിൽ ആരംഭിക്കുന്ന സഹകരണത്തിന്റെ ഭാഗമായി എഎംഎം ഫൗണ്ടേഷൻ ബിവിബിയുടെ ഇന്ത്യയിലെ ഔദ്യോഗിക യൂത്ത് ഡെവലപമെന്റ് പങ്കാളിയായി.അക്കാദമി, യൂത്ത് ഫുട്ബോൾ, കളിക്കാരുടെ താഴെ തട്ടുമുതലുള്ള വികസനം, പരിശീലകരുടെ ട്രെയിനിങ്, സംഘടനാപരമായ ആസൂത്രണം, ദീർഘകാല അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ ബിവിബിയുടെ വൈദഗ്ധ്യവും അറിവും ഉപയോഗിച്ച് ഫുട്ബോളിലൂടെ യുവാക്കളുടെ ജീവിതത്തെ സ്വാധീനിക്കാനാണ് ഈ സഹകരണത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് മുരുഗപ്പ ഗ്രൂപ്പ് മുൻ എക്സിക്യൂട്ടീവ് ചെയർമാനും എഎംഎം ഫൗണ്ടേഷൻ ബോർഡ് ഓഫ് ട്രസ്റ്റി അംഗവുമായ എം. എം. മുരുഗപ്പൻ പറഞ്ഞു.2015 മുതൽ എഎംഎം ഫൗണ്ടേഷൻ ചെന്നൈയിൽ മുരുഗപ്പ യൂത്ത് ഫുട്ബോൾ അക്കാദമി (എംവൈഎഫ്എ) നടത്തുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമൂഹങ്ങളിൽ നിന്നുള്ള യുവാക്കൾക്ക് ഫുട്ബോൾ, സ്പോർട്സ് എന്നിവയിലൂടെ കായികക്ഷമത, അച്ചടക്കം, ടീം വർക്ക്, മാനസികാരോഗ്യം, നേതൃത്വം, ആദരവ് എന്നീ മൂല്യങ്ങൾ പകർന്നുനൽകാനുള്ള ശ്രമങ്ങളുടെ ഭാഗമായാണിത്. താഴെക്കിട മുതൽ കളിക്കാരൻറെ വികസനത്തിൽ വരെ ശ്രദ്ധ പതിപ്പിക്കുന്ന ഫുട്ബോൾ പാരമ്പര്യമുള്ള ബിവിബിയുമായുള്ള സഹകരണം വരും വർഷങ്ങളിൽ ഇന്ത്യയിലുടനീളം എംവൈഎഫ്എയെ വളർത്തുന്നതിൽ സഹായമാകും.ഔദ്യോഗിക സഹകരണത്തിന്റെ ഭാഗമായി ബിവിബിയിൽ നിന്നും ഡോ. സുരേഷ് ലെച്ച്മനൻ (ഏഷ്യ പസഫിക്ക് മാനേജിങ് ഡയറക്ടർ), ജൂലിയൻ വാസ്സർഫുർ (ബിവിബി ഇവോനിക് ഫുട്ബോൾ അക്കാദമി ഡോർട്ട്മുണ്ട്, ടാലന്റ് ഡെവലപ്മെന്റ് കോഓർഡിനേറ്റർ), വെറീന ലെയ്ഡിംഗർ (മാനേജർ ഇൻറർനാഷണൽ ആന്റ് ന്യൂ ബിസിനസ് എപിഎസി) എന്നിവർ ഫെബ്രുവരിയിൽ ചെന്നൈയിലെ എംവൈഎഫ്എ സന്ദർശിച്ചിരുന്നു. കോച്ചിങ് ഡ്രിൽ, ക്ലാസ് റൂം സെഷനുകളോടും കൂടിയ മൂന്നു ദിവസത്തെ പ്രിലിമിനറി ക്യാമ്പിൽ കളിക്കാരോടും പരിശീലകരോടുമൊപ്പം പങ്കെടുത്തു.സാമൂഹിക മാറ്റത്തിനും ഉൾപ്പെടുത്തലിനും വേണ്ടിയുള്ള ഒരു മാർഗ്ഗമായി സ്പോർട്സിനെ ഉപയോഗിക്കാനാണ് എംവൈഎഫ്എയിലൂടെ എഎംഎം ഫൗണ്ടഷൻ ശ്രമിക്കുന്നതെന്നും ബിവിബിയിൽ തങ്ങൾ സമാന പങ്കാളിയെ കണ്ടുന്നുവെന്നും ഈ സഹകരണത്തിലൂടെ ഫുട്ബോൾ താരങ്ങളുടെയും പരിശീലകരുടെയും ജീവിതം മെച്ചപ്പെത്താനാവുമെന്ന് ഉറപ്പുണ്ടെന്നുംഎം. എം. മുരുഗപ്പൻ പറഞ്ഞു.ബിവിബിയുമായുള്ള ഈ പങ്കാളിത്തത്തിലൂടെ 300ലധികം വരുന്ന കളിക്കാരും കോച്ചിംഗ് സ്റ്റാഫും അവരുടെ സാങ്കേതിക വൈദഗ്ധ്യം, ശാരീരിക ക്രമീകരണം, മാനസിക തയ്യാറെടുപ്പ് മറ്റ് കാര്യങ്ങളും പഠിക്കാനും വളരാനുമുള്ള ആവേശത്തിലാണ്. തമിഴ്നാട്ടിൽ മാത്രമല്ല ഇന്ത്യയിലുടനീളവും വരും വർഷങ്ങളിൽ ഈ യുവാക്കളെ അടുത്ത ഘട്ടത്തിലേക്ക് വളർത്താനും വികസിപ്പിക്കാനുമുള്ള ലക്ഷ്യത്തെ തീർച്ചയായും കൊണ്ടുപോകുമെന്ന് നാരായണൻ എഎംഎം ഫൗണ്ടേഷന്റെ സീനിയർ അസോസിയേറ്റ് വൈസ് പ്രസിഡൻറും ചീഫ് എക്സിക്യൂട്ടീവുമായ നാരായണൻ ഹരിഹരൻ പറഞ്ഞു.സമൂഹത്തിൽ നല്ല മാറ്റത്തിന് ഉത്തേജകമായി സ്പോർട്സ് പ്രത്യേകിച്ച് ഫുട്ബോൾ ഉപയോഗിക്കാമെന്ന ഒരു പൊതു കാഴ്ചപ്പാട് ഉള്ളതിനാൽ എഎംഎം ഫൗണ്ടേഷനുമായും മുരുഗപ്പ ഗ്രൂപ്പുമായും സഹകരിക്കുന്നതിൽ സന്തോഷമുണ്ട്.എഎംഎം ഫൗണ്ടേഷനുമായും മുരുഗപ്പ യൂത്ത് ഫുട്ബോൾ അക്കാദമിയുമായും (എംവൈഎഫ്എ) സഹകരിക്കു ന്നതിലൂടെ ഇന്ത്യയിലുടനീളമുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പശ്ചാത്തലത്തിൽ നിന്നുള്ള യുവാക്കളുടെ ജീവിതത്തിൽ ശാശ്വതമായ സ്വാധീനം ചെലുത്താൻ ലക്ഷ്യമിടുന്നുവെന്ന് ബിവിബി ഏഷ്യ പസഫിക് മാനേജിംഗ് ഡയറക്ടർ ഡോ. സുരേഷ് ലെച്ച്മാനൻ പറഞ്ഞു.

# ഇൻഫ്ളമേറ്ററി ബവൽ ഡിസീസസ് സെന്റർ ആരംഭിച്ച് ആസ്റ്റർ മെഡ്സിറ്റി



**കൊച്ചി:** വയറിലെ നീർക്കെട്ടിനും മറ്റ് അനുബന്ധ രോഗങ്ങൾക്കും വിദഗ്ദ്ധ ചികിത്സ നൽകുന്നതിനായി കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിൽ പ്രത്യേക ചികിത്സാവിഭാഗം പ്രവർത്തനം ആരംഭിച്ചു. എല്ലാ മാസവും രാമത്തെയും നാലാമത്തെയും ചൊവ്വാഴ്ച്ചകളിൽ ആണ് ആസ്റ്റർ ഐബിഡി സെന്റർ പ്രവർത്തിക്കുന്നത്.ഇൻഫ്ളമേറ്ററി ബവൽ ഡിസീസസ്(ഐബിഡി), ബുദ്ധിമുട്ടുന്ന രോഗികൾക്ക് പ്രത്യേക സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ആസ്റ്റർ ഐബിഡി സെന്ററിന്റെ ലക്ഷ്യം.ഗ്യാസ്ട്രോഎന്ററോളജി, ഗ്യാസ്ട്രോ സർജറി, ന്യൂട്രീഷൻ, സൈക്കോളജി എന്നീ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഈ കേന്ദ്രത്തിൽ നിന്നും രോഗികൾക്ക് പ്രയോജനപ്പെടുത്താം. ദീർഘനാളായി ഉദരരോഗങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് ഒരൊറ്റ കുടക്കീഴിൽ വിവിധ തലങ്ങളിലുള്ള വിദഗ്ധ ചികിത്സ ലഭ്യമാകും. ആവശ്യമെങ്കിൽ ആസ്റ്റർ മെഡ്സിറ്റിയിലെ മറ്റ് ചികിത്സാ വിഭാഗങ്ങളുടെ സേവനവും രോഗികൾക്ക് കിട്ടും. വിവിധ ചികിത്സാരംഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരെ അണിനിരത്തുന്ന ഈ കേന്ദ്രം, വയറിലെ അസുഖങ്ങൾ കാരണം ബുദ്ധിമുട്ടുന്ന ഓരോ രോഗിക്കും സവിശേഷ ശ്രദ്ധയും ചികിത്സയും നൽകുമെന്ന് മെഡിക്കൽ ഗ്യാസ്ട്രോഎന്ററോളജിയിലെ സീനിയർ ഡോക്ടർ ജി.എൻ. രമേശ് പറഞ്ഞു.കൺസൾട്ടേഷനായി 8111998098 ൽ ബന്ധപ്പെടുക.

# സിവിൽ സർവ്വീസ് പരീക്ഷ; നാളെ അധിക സർവ്വീസുമായി കൊച്ചി മെട്രോ



**കൊച്ചി:** ഞായറാഴ്ച്ച യു.പി.എസ്.സി സിവിൽ സർവ്വീസസിലേക്കുള്ള പ്രിലിമിനറി പരീക്ഷ നടക്കുന്നതിനാൽ കൊച്ചി മെട്രോ സർവ്വീസ് സമയം ദീർഘിപ്പിക്കുന്നു. പരീക്ഷയെഴുതുന്നവർക്ക് കൃത്യ സമയത്ത് തന്നെ പരീക്ഷാ സെന്ററിൽ എത്തുന്നതിനായി ഞായറാഴ്ച്ച രാവിലെ 6 മണി മുതൽ കൊച്ചി മെട്രോ സർവ്വീസ് ആലുവ, എസ് എൻ ജംഗ്ഷൻ സ്റ്റേഷനുകളിൽ നിന്ന് ആരംഭിക്കുന്നതാണ്. നിലവിൽ രാവിലെ 7.30നാണ് കൊച്ചി മെട്രോ ഞായറാഴ്ച്ചകളിൽ സർവ്വീസ് ആരംഭിച്ചിരുന്നത്. രാവിലെ 6 മുതൽ 7.30 വരെ പതിനഞ്ച് മിനിറ്റ് ഇടവേളകളിലായിരിക്കും സർവ്വീസ്.

# അലൻസ് ബ്യൂഗിൾസ് ഇന്ത്യയിൽ അവതരിപ്പിച്ച് റിലയൻസ്

**കൊച്ചി/ മുംബൈ:** റിലയൻസ് കൺസ്യൂമർ പ്രൊഡക്സ് ലിമിറ്റഡ് (RCPL) 50 വർഷത്തിലേറെ പാരമ്പര്യമുള്ള, ജനറൽ മിൽസിന്റെ ഉടമസ്ഥതയിലുള്ളതും യുകെ, യുഎസ്, മിഡിൽ ഈസ്റ്റ് എന്നിവയുൾപ്പെടെയുള്ള പ്രധാന ആഗോള വിപണികളിൽ ലഭ്യമായതുമായ അന്താരാഷ്ട്ര കോൺ ചിപ്സ് സ്നാക്ക്സ് ബ്രാൻഡായ അലൻസ് ബ്യൂഗിൾസ് ഇന്ത്യയിൽ അവതരിപ്പിച്ചു.അലൻസ് ബ്യൂഗിൾസ് ഒറിജിനൽ (സാൾട്ടഡ്), തക്കാളി, ചീസ് തുടങ്ങിയ രുചികളിൽ 10 രൂപ മുതൽ പോക്കറ്റ് ഫ്രണ്ട്ലി വിലയ്ക്ക് ലഭ്യമാകും. ഇന്ത്യൻ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ആർസിപിഎല്ലിന്റെ കാഴ്ചപ്പാടിന് അനുസൃതമായാണ് ലോഞ്ച്.ബ്യൂഗിളുകൾ കോണിന്റെ ആകൃതിയിലുള്ള ക്രഞ്ചി ചിപ്സുകളാണ്. ആർസിപിഎല്ലിന്റെ അലൻസ് ബ്യൂഗിൾസിന്റെ ലോഞ്ച് കേരളത്തിൽ നിന്ന് ആരംഭിക്കുകയും ക്രമേണ ഇന്ത്യയിലുടനീളം വ്യാപിപ്പിക്കുകയും ചെയ്യും. 'അലൻസ് ഇന്ത്യൻ മാർക്കറ്റിൽ ലഭ്യമാക്കുന്നതോടെ ഇന്ത്യൻ ഉപഭോക്താവിന് പ്രീമിയം സ്നാക്ക്സ് ആസ്വദിക്കാൻ സാധിക്കുന്ന




തിനൊപ്പം പാശ്ചാത്യ ലഘുഭക്ഷണ വിപണിയിൽ സജീവമായി പങ്കെടുത്ത് എഫ് എം സി ജി വിപണിയിൽ ഞങ്ങളുടെ സാന്നിധ്യം വിപുലീകരിക്കുന്നതിനുള്ള മറ്റൊരു ചുവടുവയ്പ്പാണ് ബ്യൂഗിളുകളിൽ നിന്ന് ആരംഭിക്കുന്ന അലൻസ് സ്നാക്സുകളുടെ ശ്രേണി' ലോഞ്ചിനെക്കുറിച്ച് സംസാരിച്ച ആർസിപിഎൽ വക്താവ് പറഞ്ഞു.

# കെ ഫോൺ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 5 ന്

കൊച്ചി: കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (കെ ഫോൺ ) സംസ്ഥാന തല ഉദ്ഘാടനനോടനുബന്ധിച്ച് ജൂൺ അഞ്ചിന് ജില്ലയിൽ 14 നിയോജക മണ്ഡലങ്ങളിലും മണ്ഡലാടിസ്ഥാനത്തിൽ ഉദ്ഘാടനം സംഘടിപ്പിക്കും. അന്ന് ഉച്ചയ്ക്ക് മൂന്നിന് പരിപാടികൾ ആരംഭിക്കും. സംസ്ഥാന തല ഉദ്ഘാടനം അന്ന് വൈകിട്ട് നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും.മണ്ഡലാടിസ്ഥാനത്തിലെ പരിപാടികളുടെ ഇതുവരെയുള്ള ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷിന്റെ അധ്യക്ഷതയിൽ ഓൺലൈൻ യോഗം ചേർന്നു. എഡിഎം എസ്.ഷാജഹാൻ, തദ്ദേശ സ്ഥാപനങ്ങളിലെ അധ്യക്ഷർ, സെക്രട്ടറിമാർ, കെ ഫോൺ ജില്ലാ കോ ഓഡിനേറ്റർ, ഇൻഫർമേഷൻ കേരള മിഷൻ(ഐ.കെ.എം) പ്രതിനിധികൾ, കെ എസ് ഇ ബി പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യവുമായി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (കെഫോൺ).

# എഫ്ടിഐഐയുമായി കൈകോർത്ത് ടൂൺസ് അനിമേഷൻ സ്റ്റുഡിയോസ്




**തിരുവനന്തപുരം:** പുണെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി (എഫ്ടിഐഐ) കൈകോർത്ത് ടൂൺസ് അനിമേഷൻ സ്റ്റുഡിയോസ്. ഇൻസ്റ്റിറ്റ്യൂട്ടിൽ അനിമേഷൻ, വിഷ്വൽ എഫക്ട് കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നതിനായി ഇരു സ്ഥാപനങ്ങളും തമ്മിൽ ധാരണപത്രം ഒപ്പുവെച്ചു. ടൂൺസിന്റെ വിദ്യാഭ്യാസ വിഭാഗമായ 'വിസ്ഡവു'മായി ചേർന്നാണ് പുതിയ സഹകരണം. വിനോദ  മാധ്യമ വ്യവസായ രംഗവും അക്കാദമിക് തലവും തമ്മിലുള്ള വിടവ് നികത്തുകയെന്ന ലക്ഷ്യത്തോടെയാണ് ധാരണാപത്രം ഒപ്പുവെച്ചിരിക്കുന്നത്. ഇതിനായി നൈപുണ്യ അധിഷ്ഠിത കോഴ്സുകൾ വികസിപ്പിക്കുമെന്ന് ടൂൺസ് മീഡിയ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഓഫീസർ പി ജയകുമാർ പറഞ്ഞു.എഡ്യൂക്കേഷൻ സർവീസസ് എക്സിക്യൂട്ടീവ് ഡയറക്ടർ, ശശികുമാറിന്റെ സാന്നിധ്യത്തിൽ എഫ്ടിഐഐ രജിസ്ട്രാർ, സയ്ദ് റബിഹാഷ്മി, ടൂൺസ് അനിമേഷൻ സ്റ്റുഡിയോസ് ചീഫ് ഫിനാൻഷ്യൽ ഓഫീസർ (സിഎഫ്ഒ) സുബ്ബലക്ഷ്മി വെങ്കിടാദ്രി എന്നിവരാണ് ധാരണപത്രത്തിൽ ഒപ്പുവെച്ചിരിക്കുന്നത്. എഫ്ടിഐഐ പുതിയതായി ആരംഭിക്കാൻ പോകുന്ന അനിമേഷൻ ആൻഡ് വിഷ്വൽ എഫക്ട്'യുജി കോഴ്സിന് എല്ലാവിധ പിന്തുണയും ടൂൺസ് സ്റ്റുഡിയോസ് നൽകും. ടൂൺസ് സ്റ്റുഡിയോസ് ഒരു വ്യവസായ പങ്കാളിയെന്ന നിലയിൽ പാഠ്യപദ്ധതിയ്ക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുകയും വിസ്ഡത്തിന്റെ ഭാഗമായ പ്രമുഖരെയും അക്കാദമിക് അംഗങ്ങളെയും ക്രമീകരിക്കുകയും വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് അവസരമൊരുക്കുകയും ചെയ്യും. ഇതിന് പുറമെ, വിവിധ അനിമേഷൻ, വിഷ്വൽ എഫക്ട്സ് കോഴ്സുകൾ വികസിപ്പിക്കാനും എഫ്ടിഐഐ ക്യാംപസിൽ ഇൻകുബേഷൻ സെന്റർ സ്ഥാപിക്കാനും ടൂൺസും എഫ്ടിഐഐയും പദ്ധതിയിടുന്നു. ഇത് വിദ്യാർത്ഥികൾക്ക് അവരുടെ സ്വന്തം ഐപി വികസിപ്പിക്കാനും ലോകമെമ്പാടുമുള്ള പ്രക്ഷേപകരിലേക്ക് എത്തിച്ചേരാനും സഹായിക്കും. ധാരണാപത്രം അനുസരിച്ച്, എഫ്ടിഐഐയുടെ സെന്റർ ഫോർ ഓപ്പൺ ലേണിംഗിന് (സിഎഫ്ഒഎൽ) കീഴിൽ അനിമേഷൻ, വിഷ്വൽ ഇഫക്ട്സ് പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുന്നതിനായി എഫ്ടിഐഐയുമായി ടൂൺസ് അനിമേഷൻ സ്റ്റുഡിയോസ് സഹകരിക്കും.അനിമേഷൻ ആൻഡ് വിഷ്വൽ എഫക്ട്സ് കോഴ്സുകളിൽ ഈ രംഗത്തെ പ്രമുഖരെയും പ്രതിഭാശാലികളെയും എത്തിക്കാൻ സഹകരണത്തിലൂടെ സാധിക്കുമെന്നും പി ജയകുമാർ പറഞ്ഞു. തങ്ങളുടെ വിദ്യാഭ്യാസ സേവന വിഭാഗമായ വിസ്ഡം, ഇന്ത്യയിലെ മുൻനിര അനിമേഷൻ പരിശീലന സ്ഥാപനങ്ങളിലൊന്നാണ്. ലോകത്തെ തന്നെ മുൻനിര ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളിലൊന്നായ പുണെയിലെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി കൈകോർക്കുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വ്യവസായ രംഗവും അക്കാദമിക് തലവും തമ്മിലുള്ള വിടവ് നികത്തുന്നതിനുള്ള ഒരു സുപ്രധാന ചുവടുവെപ്പാണ് ടൂൺസുമായുള്ള സഹകരണമെന്ന് എഫ്ടിഐഐ ഡയറക്ടർ പ്രൊഫ. സന്ദീപ് ഷഹാരെ പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ടിലെ അനിമേഷൻ, വിഎഫ്എക്സ് വിദ്യാർത്ഥികൾക്ക് സഹകരണം പ്രയോജനം ചെയ്യും. ക്രിയാത്മക വെല്ലുവിളികളെ നേരിടാൻ അവരെ സജ്ജരാക്കുന്ന തരത്തിൽ ഇന്റേൺഷിപ്പുകൾ ഔപചാരികമാക്കുന്നതും സഹായകമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.1999 ൽ പ്രവർത്തനം ആരംഭിച്ചതു മുതൽ കഴിഞ്ഞ 25 വർഷത്തോളമായി ടൂൺസിന് സമ്പന്നമായ പാരമ്പര്യമാണുള്ളത്. 2002 ലാണ് ടൂൺസ് അക്കാദമിക് സേവനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. അനിമേഷൻ പരിശീലന രംഗത്ത് ഇന്ന് ദക്ഷിണ ഏഷ്യയിലെ തന്നെ മുൻനിര സ്ഥാപനമാണ് ടൂൺസ്. ഐപി വികസനം, അനിമേഷൻ നിർമാണം, വിതരണം എന്നിവയിൽ ആഗോള തലത്തിൽ തന്നെ മുൻനിരയിലുള്ള സ്ഥാപനമെന്ന നിലയിൽ വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും ഗുണനിലവാരം വർദ്ധിപ്പിക്കുകയും അനിമേഷനിൽ ആഗോള കരിയറിനായി വിദ്യാർത്ഥികളെ സജ്ജമാക്കാൻ സഹായിക്കുകയും ചെയ്യും.

# നീണ്ടപാറയിലെ കാട്ടാന ശല്യം; റാപ്പിഡ് റെസ്പോൺസ് ടീമിനെ നിയോഗിക്കും

**.എല്ലാദിവസവും ആർ ആർ ടി വൈകിട്ട് ആറിനു ശേഷം പ്രദേശത്ത് സന്ദർശനം നടത്തണം**
**എസ് എഫ് ഒ യുടെ നേതൃത്വത്തിൽ ടീമിനെ നിശ്ചയിക്കണം.**
**ടീമിന്റെ ഫോൺ നമ്പർ പ്രദേശവാസികൾക്ക് നൽകണം**



**കൊച്ചി:** കവളങ്ങാട് പഞ്ചായത്തിലെ നീണ്ടപാറ പ്രദേശത്ത് അടിയന്തരമായി വെള്ളിയാഴ്ച ലോക്കൽ റാപ്പിഡ് റെസ്പോൺസ് ടീമിനെ ( ആർ ആർ ടി ) നിയോഗിക്കണമെന്ന് മന്ത്രി പി പ്രസാദ്. പ്രദേശത്തെ രൂക്ഷമായ കാട്ടാനശല്യത്തിനെതിരെ ഓലിക്കൽ വീട്ടിൽ ഒ.ആർ പീതാംബരൻ കരുതലും കൈത്താങ്ങും കോതമംഗലം അദാലത്തിൽ സമർപ്പിച്ച അപേക്ഷയെ തുടർന്നാണ് മന്ത്രി മൂന്നാർ ഡിവിഷൻ ജില്ലാ ഫോറസ്റ്റ് ഓഫീസർക്ക് നിർദേശം നൽകിയത്.എല്ലാദിവസവും ആർ ആർ ടി വൈകിട്ട് ആറിനു ശേഷം പ്രദേശത്ത് സന്ദർശനം നടത്തണം. എസ് എഫ് ഒ യുടെ നേതൃത്വത്തിൽ ടീമിനെ നിശ്ചയിക്കണം. ടീമിന്റെ ഫോൺ നമ്പർ പ്രദേശവാസികൾക്ക് നൽകണം. ആർ ആർ ടി ക്ക് സഞ്ചരിക്കാൻ വാഹന സൗകര്യം ഏർപ്പാടാക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനും  (എപിസിസിഎഫ്) മന്ത്രി അദാലത്തിൽ നിർദേശം നൽകി.കാട്ടാനയുടെ ശല്യം മൂലം പ്രദേശത്തുകൂടെ സഞ്ചരിക്കുന്നത് ഭയത്തോടെയാണെന്നും കാർഷിക വിളകൾക്ക് നാശനഷ്ടം സംഭവിക്കുന്നുണ്ടെന്നും  പീതാംബരൻ പരാതിയിൽ പറയുന്നു. കൃഷി നാശത്തിനുള്ള നഷ്ടപരിഹാരവും പ്രദേശത്ത് ഫെൻസിങ്ങ് സ്ഥാപിക്കുന്നത് വേഗത്തിലാക്കണമെന്നും പരാതിയിലുണ്ട്. എന്നാൽ കൃഷി നാശത്തിനുള്ള അപേക്ഷയിൽ കൃഷി കാട്ടാന നശിപ്പിച്ചതായി തെളിയിക്കുന്ന ഫോട്ടോകൾ ഇഡിസ്ട്രിക്ട് പോർട്ടലിൽ സമർപ്പിച്ചിട്ടില്ല. ഇത് ലഭിക്കുന്നതിന് അനുസരിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഉദ്യോഗസ്ഥർ ഉറപ്പ് നൽകി. പ്രദേശത്ത് ഫെൻസിങ്ങ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ  ഫണ്ട് അനുമതി ലഭിക്കുന്ന അവസരത്തിൽ ആരംഭിക്കുമെന്നും ഉദ്യോഗസ്ഥർ പറഞ്ഞു

## സൗജന്യ സിവിൽ സർവീസ്, കരിയർ ഗൈഡൻസ് ശിൽപ്പശാല

**കൊല്ലം :** ഇന്ത്യയിലെ ഏറ്റവും വലിയ സിവിൽ സർവീസ് പരിശീലന സ്ഥാപനമായ വേദിക് ഐഎഎസ് അക്കാദമി കൊല്ലത്ത് സൗജന്യ സിവിൽ സർവീസ്, കരിയർ ഗൈഡൻസ് ശില്പശാല സംഘടിപ്പിക്കുന്നു. മെയ് 29 തിങ്കളാഴ്ച രാവിലെ 10ന് ചിന്നക്കട സിഎസ്ഐ ക്യാംപസിലെ വേദിക് സിവിൽ സർവീസ് പരിശീലന കേന്ദ്രത്തിലാണ് ഏക ദിന ശിൽപ്പശാല. 10നും 12നും ശേഷം എങ്ങനെ കോഴ്സുകൾ തെരെഞ്ഞെടുക്കാം, ഐഎഎസ് ഉൾപ്പെടെ ഉന്നത സർക്കാർ സർവീസുകളിൽ എങ്ങനെ എത്തിച്ചേരാം എന്നീ വിഷയങ്ങളിൽ  മുൻ കേരള ഡിജിപി ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്, എം.ജി, കണ്ണൂർ സർവകലാശാലകളുടെ മുൻ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകും. മാതാപിതാക്കൾക്കും പങ്കെടുക്കാം. സെമിനാറിൽ പങ്കെടുക്കാൻ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. www.vedhikiasacademy.org എന്ന വെബ്സൈറ്റിലും രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 6238600978

## ടെണ്ടർ ക്ഷണിച്ചു

**ആലപ്പുഴ:** മാവേലിക്കര ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നതിന് ലൈസൻസുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ നിന്നും ടെണ്ടർ ക്ഷണിച്ചു. ജൂൺ എട്ടിന് ഉച്ചക്ക് 12 വരെ നൽകാം. ഫോൺ: 04792342046.

## ഉദ്യോഗാർഥികളെ നിയമിക്കുന്നു

**ആലപ്പുഴ:** നെടുമുടി ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണത്തിനും ഡാറ്റ എൻട്രിക്കുമായി ഉദ്യോഗാർഥികളെ നിയമിക്കുന്നു. സിവിൽ എൻജിനീയറിങ്ങ് ഡിപ്ലോമ, ഐ.റ്റി.ഐ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ/സർവ്വെയർ) യോഗ്യതയുള്ളവർ ജൂൺ ആറിനകം യോഗ്യത രേഖകൾ സഹിതം ഓഫീസിൽ അപേക്ഷ നൽകണം. ഫോൺ: 0477 273626.

## ഹെൽത്ത് പ്രമോട്ടർ നിയമനം: അപേക്ഷിക്കാം

**ആലപ്പുഴ:** ജില്ലയിൽ ഹെൽത്ത് പ്രമോട്ടറായി നിയമിക്കുന്നതിന് പട്ടികവർഗ വിഭാഗത്തിൽപെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ് വിജയമാണ് യോഗ്യത. പ്രായപരിധി 20 35 വയസ്. പി.വി.ടി.ജി/അടിയ/പണിയ/മലപണ്ടാരം വിഭാഗങ്ങളിൽപ്പെട്ടവർക്ക് എട്ടാം ക്ലാസ് യോഗ്യത മതി. ടി.എ. ഉൾപ്പടെ 13,500 രൂപ ഹോണറേറിയം ലഭിക്കും.നഴ്സിങ്, പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ചവർക്കും ആയുർവേദം/പാരമ്പര്യവൈദ്യം എന്നിവയിൽ പ്രാവീണ്യം നേടിയവർക്കും മുൻഗണന ലഭിക്കും. താത്പര്യമുള്ളവർ മെയ് 31 നകം പ്രോജക്ട് ഓഫീസ്/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ അപേക്ഷ നൽകണം. ഫോൺ: 9496070348.

# ഫെഡറൽ ബാങ്ക് സ്കോളർഷിപ്പ്: വിദ്യാർത്ഥികളെ പ്രഖ്യാപിച്ചു

**കൊച്ചി:** 202223 വർഷത്തെ ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളെ പ്രഖ്യാപിച്ചു. കേരളം, തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര, ഗുജറാത്ത്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ഭിന്നശേഷിക്കാരുൾപ്പെടെയുള്ള വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകി വരുന്നത്. ഈ വർഷം 310 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അർഹരായി.എംബിബിഎസ്, എഞ്ചിനീയറിങ്, ബിഎസ് സി നഴ്സിങ്, എംബിഎ, ബിഎസ് സി (ഓണേഴ്സ്), ബിഎസ് സി അഗ്രികൾച്ചർ, കോപറേഷൻ ആന്റ് ബാങ്കിങ് ഉൾപ്പെടുന്ന ബിഎസ് സി അഗ്രികൾച്ചർ എന്നീ കോഴ്സുകളിലെ ഒന്നാം വർഷ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് ലഭ്യമാക്കിയിരിക്കുന്നത്.പിന്നാക്ക സാമൂഹിക പശ്ചാത്തലങ്ങളിൽ നിന്നുള്ള മിടുക്കരായ വിദ്യാർത്ഥികളെ സാമ്പത്തികമായി സഹായിക്കുകയും പ്രൊഫഷനൽ പഠനം പൂർത്തിയാക്കാൻ പ്രാപ്തരാക്കുകയും ചെയ്യുകയാണ് സ്കോളർഷിപ്പ് പദ്ധതിയുടെ ലക്ഷ്യം.ബാങ്കിന്റെ സ്ഥാപകൻ




കെ പി ഹോർമിസിന്റെ സ്മരണാർത്ഥം 1996ൽ ആരംഭിച്ച ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ വിവിധ പരിശീലന പരിപാടികൾ നടത്തുന്നതിനൊപ്പം സെമിനാറുകൾ സംഘടിപ്പിക്കുകയും അടിസ്ഥാന സൗകര്യ വികസനത്തിനും പാരിസ്ഥിതിക സാമൂഹിക ഭരണ സംബന്ധമായ നൂതനാശയങ്ങൾ നടപ്പിൽ വരുത്തുന്നതിനും സാമ്പത്തിക പിന്തുണ നൽകുകയും ചെയ്യുന്നു.

# എട്ട് പുതിയ ടച്ച് പോയിന്റുകൾ തുറന്ന് ഫോക്സ് വാഗൺ ഇന്ത്യ

**കൊച്ചി:** ഇന്ത്യയിലുടനീളമുള്ള വിൽപ്പന, സേവന ശൃംഖല ശക്തിപ്പെടുത്താനായി ഫോക്സ് വാഗൺ ഇന്ത്യ പാസഞ്ചർ കാർസ് ഇന്ത്യ എട്ട് ദിവസത്തിനുള്ളിൽ എട്ട് പുതിയ ടച്ച്പോയിന്റുകൾ ഉദ്ഘാടനം ചെയ്തു. ജർമ്മൻ എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങളുടെ പോർട്ട്ഫോളിയോയും ലോകോത്തര സേവനങ്ങളും ഇന്ത്യയിലെ വിശാലമായ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള കമ്പനിയുടെ ശ്രമങ്ങളുടെ തുടർച്ചയായാണ് കേരളം, കർണാടക, പഞ്ചാബ്, തമിഴ്നാട് സംസ്ഥാനങ്ങളിലെ ഫോക്സ്വാഗൺ ശൃംഖലയുടെ ദ്രുതഗതിയിലുള്ള വിപുലീകരണമെന്ന് ഫോക്സ് വാഗൺ പാസഞ്ചർ കാർസ് ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.നാല് സംസ്ഥാനങ്ങളിലുടനീളമുള്ള എട്ട് പുതിയ ടച്ച് പോയിന്റുകൾ കേരളത്തിലെ കൊടുങ്ങല്ലൂർ, കർണാടകയിലെ ബെലഗാവി, ദാവൻഗരെ, വിജയപുര, തമിഴ്നാട്ടിലെ കോയമ്പത്തൂർ ആന്റ് തൂത്തുക്കുടി, പഞ്ചാബിലെ മൊഹാലി ആന്റ് പത്താൻകോട്ട് എന്നിവിടങ്ങളിലാണ്. വിൽപ്പന, പ്രീഓൺഡ് കാർ (ദാസ് വെൽറ്റ് ഓട്ടോ), വിൽപ്പനാനന്തര സേവനം തുടങ്ങിയ സേവനങ്ങളാണ് ഈ ടച്ച്പോയിന്റുകൾ ലഭ്യമാക്കുന്നത്. ഈ പുതിയ ടച്ച്പോയിന്റുകളിലൂടെ കൂടുതൽ ഉപഭോക്താക്കളെ ഫോക്സ്വാഗൺ കുടുംബത്തിലേക്ക് സ്വാഗതം ചെയ്യാനും അവർക്ക് മികച്ച ഉപഭോക്തൃ അനുഭവം നൽകാനാകുമെന്ന് തങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും




ആശിഷ് ഗുപ്ത പറഞ്ഞു.ഉദ്ഘാടനം ചെയ്ത പുതിയ ടച്ച്പോയിന്റുകളിൽ സെയിൽസ് ആന്റ് സർവീസ് അംഗങ്ങളുടെ മികച്ച ഒരു ടീമാണ് പ്രവർത്തിപ്പിക്കുന്നത്. സെയിൽസ് ടച്ച് പോയിന്റുകളിൽ ഇന്ത്യയുടെ ഏറ്റവും സുരക്ഷിതമായ ഉൽപ്പന്ന പോർട്ട്ഫോളിയോകളായ ഫൈവ് സ്റ്റാർ ജിഎൻസിഎപിറേറ്റഡ് ഫോക്സ്വാഗൺ വെർടസ് ആന്റ് ടൈഗൂൺ, അതിന്റെ മുൻനിര എസ്യുവിഡബ്ല്യു, ഫോക്സ് വാഗൺ ടിഗ്വാൻ എന്നിവ ഉൾപ്പെടുന്നു.ഫോക്സ് വാഗൺഇന്ത്യ, ദാസ് വെൽറ്റ്ഓട്ടോയുടെ പ്രീഓൺഡ് കാർ ബിസിനസ്സിലൂടെ മൾട്ടിബ്രാൻഡുകളുടെ വാങ്ങൽ, വിൽപ്പന, കൈമാറ്റം, നവീകരണം എന്നീ സേവനങ്ങൾ ലഭ്യമാണ്. മികച്ച ഉപഭോക്തൃ അനുഭവം ഉറപ്പാക്കിക്കൊണ്ട്, സേവന ടച്ച് പോയിന്റുകളിൽ ഉപഭോക്താക്കളുടെ അറ്റകുറ്റപ്പണി ആവശ്യകതകളും നിറവേറ്റും.

# അഞ്ചു വർഷങ്ങൾ പൂർത്തിയാക്കി സീ 5 ഒടിടി

**കൊച്ചി:** സീ5 ഒടിടിയുടെ വിജയകരമായ അഞ്ചു വർഷങ്ങൾ ആഘോഷിച്ചു കൊണ്ട് സീ5 111 പുതിയ ആകർഷക ടൈറ്റിലുകൾ അവതരിപ്പിച്ചു. 'ഹുക്ക്ഡ് ടു 5' എന്ന പേരിൽ താരങ്ങൾ തിങ്ങിനിറഞ്ഞ ആഘോഷത്തിലാണ് ഹിന്ദിയിലും പ്രാദേശിക ഭാഷകളിലുമായുള്ള പുത്തൻ ടൈറ്റിലുകൾ അവതരിപ്പിച്ചത്.ധർമ്മ പ്രൊഡക്ഷൻസ്, സൽമാൻ ഖാൻ ഫിലിംസ്, ഗുർനീത് മോങ്കയുടെ സിഖ്യ എന്റർടൈൻമെന്റ്, ഭാനുഷലി സ്റ്റുഡിയോസ്, ദി വിറ്റൽ ഫീവർ, റോസ് ഓഡിയോ വിഷ്വൽസ്, അപ്ലൗസ് എന്റർടൈൻമെന്റ്, സുധീർ മിശ്ര, വികാസ് ഭായ്, വിവേക് അഗ്നിഹോത്രി, നഗ്ജ് മഞ്ജുളെ തുടങ്ങിയവരുമായി സഹകരിച്ചാണ് ഈ നീക്കം. ഹിന്ദി, മലയാളം, തമിഴ്, തെലുഗു, കന്നഡ, ബംഗ്ല, പഞ്ചാബി, മറാത്തി തുടങ്ങിയ ഭാഷകളിലായാണ് പ്രേക്ഷകർക്ക് പുതിയ അനുഭവങ്ങൾ ലഭ്യമാക്കുന്നത്. വിവിധ വിഭാഗങ്ങളിലായി കൂടുതൽ തെരഞ്ഞെടുപ്പുകൾക്ക് അവസരം നൽകുന്ന രീതിയിലാണ് പുതിയ അ




വതരണം. മലയാളം, തമിഴ്, തെലുഗു, ബംഗ്ലാ, പഞ്ചാബി, മറാത്തി ഭാഷകളിലായി കൂടുതൽ പ്രാദേശിക ഭാഷാ ഉള്ളടക്കങ്ങൾ ലഭ്യമാക്കാനുള്ള സീയുടെ സവിശേഷ ശ്രദ്ധയും പുതിയ നീക്കങ്ങളിൽ കാണാം.അഞ്ചാം വാർഷികം ആഘോഷിക്കുന്ന 2023 സീ5 ഇന്ത്യയെ സംബന്ധിച്ച് ഏറെ പ്രധാനപ്പെട്ടതാണെന്ന് സീ5 ഇന്ത്യ ചീഫ് ബിസിനസ് ഓഫീസർ മനീഷ് കൈര പറഞ്ഞു. നൂറു ബില്യണിലേറെ മിനിറ്റുകൾ സ്ട്രീം ചെയ്യപ്പെട്ടത് തങ്ങൾ പുതുമകൾക്കും മെച്ചപ്പെടുത്തലുകൾക്കും വേണ്ടി നടത്തിയ നിക്ഷേപങ്ങളുടെ ഫലമായുണ്ടായ വളർച്ചയുടെ സാക്ഷ്യപത്രമാണെന്നും അദ്ദേഹം പറഞ്ഞു.എവിടെയുമുള്ള വിനോദ പ്രേമികൾക്ക് ഗുണകരമായ ഉള്ളടക്കം ലഭ്യമാക്കുന്നതിലാണ് സീ5 തുടക്കം മുതൽ ശ്രദ്ധിച്ചു വരുന്നത്. വിവിധ ഭാഷകളിലായുള്ള ഉള്ളടക്കം വിവിധ വിപണികളിൽ സാന്നിധ്യം ഉറപ്പാക്കുകയും എല്ലാ പ്രായങ്ങളിലുമുള്ള പ്രേക്ഷകർക്കിടയിൽ സ്വാധീനം ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും പുതിയ വ്യവസായ റിപ്പോർട്ടുകൾ അനുസരിച്ച് ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ വളരുന്ന ഒടിടി സംവിധാനമാണ് സീ5. വൈവിധ്യമാർന്ന ഉള്ളടക്കം ലഭ്യമാക്കുന്നതിൽ ശ്രദ്ധിക്കുന്നതും നൂറിലേറെ വിഭാഗങ്ങൾ ഉള്ളതുമാണ് ഈ സംവിധാനം. അഞ്ചു ലക്ഷം മണിക്കൂറിലേറെ വരുന്ന ഓൺ ഡിമാൻഡ് ഉള്ളടക്കം, 160ൽ പരം ലൈവ് ടിവി ചാനലുകൾ, 3500 ഫിലിമുകളിലേറെയുള്ള സമ്പന്നമായ ലൈബ്രറി, 1750 ടിവി ഷോകൾ, 700 ഒറിജിനലുകൾ തുടങ്ങിയ വിപുലമായ ഉള്ളടക്കമാണ് സീ5 12 ഇന്ത്യൻ ഭാഷകളിലായി നൽകുന്നത്.

# സുലൈഖാ മൻസിൽ ഒ ടി ടി യിലേക്ക്

**കൊച്ചി:** പെരുന്നാൾ പടമായി തിയേറ്ററുകളിൽ റിലീസ് ചെയ്ത സുലൈഖാ മൻസിൽ ഒ ടി ടി യിലേക്ക് എത്തുകയാണ്. അഷ്‌റഫ് ഹംസ സംവിധാനം ചെയ്ത ചിത്രത്തിൽ ലുക്ക്മാൻ അവറാൻ, അനാർക്കലി മരയ്ക്കാർ, ചെമ്പൻ വിനോദ് എന്നിവർ പ്രധാന വേഷത്തിലെത്തുന്നു. ഏറ്റവും പുതിയ ചിത്രമായ സുലൈഖ മൻസിൽ ഒടിടിയിൽ മെയ് 30 മുതൽ ഹോട്ട്സ്റ്റാറിൽ സ്ട്രീം ചെയ്യും.സെഞ്ചറി ഫിലിംസ് കേരളത്തിലെ തിയേറ്ററുകളിൽ എത്തിച്ച സുലൈഖാ മൻസിലിന്റെ നിർമ്മാണം ചെമ്പൻ വിനോദിന്റെ ചെമ്പോസ്കി മോഷൻ പിക്ചേഴ്സാണ്. ഗണപതി, ശബരീഷ് വർമ്മ, മാമുക്കോയ, ജോളി ചിറയത്ത്, അമൽഡ ലിസ്, ദീപ തോമസ്, അദ്രി ജോ, അർച്ചന പദ്മിനി, നിർമ്മൽ പാലാഴി തുടങ്ങിയവർ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.ചെമ്പോസ്കി മോഷൻ പിക്ചേഴ്സിന്റെ ബാന്നറിൽ ചെമ്പൻ വിനോദ് ജോസ്, സുബീഷ് കണ്ണഞ്ചേരി, സമീർ കാരാട്ട് എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാതാക്കൾ.സുലൈഖാ മൻസിലിന്റെ അണിയറപ്രവർത്തകർ ഇവരാണ്. ഡി.ഓ.പി : കണ്ണൻ പട്ടേരി, എഡിറ്റർ : നൗഫൽ അബ്ദുള്ള, സംഗീത സംവിധാനം: വിഷ്ണു വിജയ്, പ്രൊഡക്ഷൻ ഡിസൈൻ : അനീഷ് നാടോടി, ചീഫ് അസ്സോസിയേറ്റ് ഡയറക്ടേഴ്സ് : ശബരീഷ് വർമ്മ, ജിനു തോമ, വസ്ത്രാലങ്കാരം: ഗഫൂർ മുഹമ്മദ്, മേക്ക്അപ്പ് : ആർ.ജി. വയനാടൻ, കൊറിയോഗ്രാഫി: ജിഷ്ണു, സൗണ്ട് ഡിസൈൻ : അരുൺ വർമ്മ, സൗണ്ട് മിക്സിങ്: ഡാൻ ജോസ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: ശ്രീജിത്ത് ബാലൻ, പ്രൊഡക്ഷൻ കൺട്രോളർ: ഡേവിസൺ സി ജെ, അസ്സോസിയേറ്റ് ഡയറക്ടേഴ്സ്: ഷിന്റോ വടക്കേക്കര, സഹീർ റംല, കളറിസ്റ്റ് : ലിജു പ്രഭാകർ, ഡിസൈൻ: സ്പെൽബൗണ്ട് സ്റ്റുഡിയോസ്, പി ആർ ഓ: പ്രതീഷ് ശേഖർ.




# നിസ്സാൻ മാഗ്നൈറ്റ് ഗെസ്സ സ്പെഷ്യൽ എഡിഷൻ 7.39 ലക്ഷം രൂപ മുതൽ




കൊച്ചി: നിസ്സാന്റെ ബിഎസ്‌യുവി മോഡലായ മാഗ്നൈറ്റ് സ്പെഷ്യൽ എഡിഷൻ ഗെസ്സയുടെ വില പ്രഖ്യാപിച്ചു.പ്രീമിയം ഓഡിയോ, ഇൻഫോടൈൻമെന്റ് സവിശേഷതകളുമായെത്തുന്ന ഗെസ്സ സ്പെഷ്യൽ എഡിഷന് 7.39 ലക്ഷം രൂപ മുതലാണ് വില.നേരത്തെ തന്നെ ബുക്കിങ് ആരംഭിച്ച നിസ്സാൻ മാഗ്നൈറ്റ് ഗെസ്സ ഇന്ത്യയിലെ എല്ലാ നിസ്സാൻ ഷോറൂമുകളിലും 11,000 രൂപയടച്ച് ബുക്ക് ചെയ്യാം. ഹൈറെസൊല്യൂഷൻ 22.86 സി.എം ടച്ച്സ്ക്രീൻ, വയർലെസ് കണക്റ്റിവിറ്റിയുള്ള ആൻഡ്രോയിഡ് കാർപ്ലേ, പ്രീമിയം ജെ ബി എൽ സ്പീക്കറുകൾ, ട്രജക്ടറി റിയർ ക്യാമറ, ആപ്പ് നിയന്ത്രിത ആംബിയന്റ് ലൈറ്റിംഗ്, ഷാർക്ക് ഫിൻ ആന്റിന, പ്രീമിയം ബീജ് കളർ സീറ്റ് അപ്ഹോൾസ്റ്ററി എന്നീ സവിശേഷതകളോടുകൂടിയും ഇലക്ട്രോണിക് സ്റ്റെബിലിറ്റി പ്രോഗ്രാം, ട്രാക്ഷൻ കൺട്രോൾ സിസ്റ്റം, ഹിൽ സ്റ്റാർട്ട് അസിസ്റ്റ്, ടയർ പ്രഷർ മോണിറ്ററിംഗ് സിസ്റ്റം എന്നീ സുരക്ഷ സംവിധാനങ്ങളോടുകൂടിയുമാണ് നിസ്സാൻ മാഗ്നൈറ്റ് ഗെസ്സ സ്പെഷ്യൽ എഡിഷൻ വരുന്നത്.സുരക്ഷയും പ്രകടന സവിശേഷതകളും ഒപ്പം ആകർഷകമായ വിലയിൽ കൂടി വരുമ്പോൾ മാഗ്നൈറ്റ് ഗെസ്സ ഏറ്റവും ശ്രദ്ധേയമായ വാഹനമായി മാറുന്നുവെന്ന് വിലവിവരം പ്രഖ്യാപിച്ചുകൊണ്ട് നിസ്സാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ രാകേഷ് ശ്രീവാസ്തവ പറഞ്ഞു.

# പൂർവ്വേഷ്യയിലേക്ക് കൂടുതൽ വിമാന സർവീസുകളുമായി സിയാൽ



**കൊച്ചി:** പൂർവ്വേഷ്യൻ രാജ്യങ്ങളിലേക്കുള്ള വിമാന സർവീസുകളുടെ എണ്ണം കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (സിയാൽ) വർദ്ധിപ്പിച്ചു. വിയറ്റ്നാമിലെ ഹോചി മിൻ സിറ്റിയിലേക്ക് ആഴ്ചയിൽ നാലു ദിവസം നേരിട്ടുള്ള ഫ്ലൈറ്റ് സർവീസ് ആരംഭിക്കുന്നതോടെ പൂർവ്വേഷ്യയിലേക്ക് കൊച്ചി വിമാനത്താവളത്തിൽ നിന്ന് 45 പ്രതിവാര വിമാന സർവീസുകളാവും.തിങ്കൾ, ബുധൻ, വെള്ളി, ശനി എന്നീ ദിവസങ്ങളിൽ വിയറ്റ്ജെറ്റ് (VIETJET) ആണ് ഹോചി മിൻ സിറ്റിയിലേക്ക് പുതിയ സർവീസ് ആരംഭിക്കുന്നത്. കേരളത്തിൽ നിന്ന് വിയറ്റ്നാമിലേക്ക് നേരിട്ടുള്ള ആദ്യത്തെ വിമാന സർവീസാണിത്. സിയാലിന്റെയും രാജ്യത്തിന്റെ ടൂറിസം വ്യവസായത്തിന്റെയും വികസനത്തിന് ഈ പുതിയ സേവനം ഒരു സുപ്രധാന നാഴികക്കല്ലാകും. നിലവിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് സിംഗപ്പൂർ, ക്വാലാലംപൂർ, ബാങ്കോക്ക് എന്നിവിടങ്ങളിലേക്കുള്ള സർവ്വീസുകൾക്ക് പുറമെയാണ് ഈ പുതിയ സർവീസ് ആരംഭിക്കുന്നത്. സിംഗപ്പൂരിലേക്ക് 2 പ്രതിദിന വിമാന സർവീസുകളാണ് ഉള്ളത്.; ആഴ്ചയിൽ 6 ദിവസം ബാങ്കോക്കിലേക്ക് 1 വിമാന സർവീസും , ക്വാലാലംപൂരിലേക്ക് 3 പ്രതിദിന സർവീസുകളുമാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഇപ്പോൾ പ്രവർത്തിക്കുന്നത്.കൊച്ചി വിമാനത്താവളത്തിൽ നിന്ന് പൂർവ്വേഷ്യൻ രാജ്യങ്ങളിലേക്ക് വിമാന സർവീസുകൾ വർധിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ എസ്.സുഹാസ് പറഞ്ഞു. കേരളത്തിനും വിയറ്റ്നാമിനുമിടയിൽ നേരിട്ടുള്ള പുതിയ എയർ റൂട്ട് ആരംഭിക്കുന്നു. ഇത് ടൂറിസം വ്യവസായത്തെ വലിയ രീതിയിൽ സഹായിക്കുമെന്ന് തങ്ങൾക്ക് ഉറപ്പുണ്ട്. കൊച്ചി അന്താരാഷ്ട്ര വിമാനത്താവള പ്രവർത്തനങ്ങളുടെ ചരിത്രത്തിലെ ഒരു സുപ്രധാന നിമിഷമാണ് ഈ പുതിയ എയർ റൂട്ട് അടയാളപ്പെടുത്തുന്നത്. യാത്രക്കാർക്ക് അവരുടെ വിവിധ ആവശ്യങ്ങൾക്കനുസൃതമായി പശ്ചിമ പൂർവ്വേഷ്യയിലേക്ക് നേരിട്ടുള്ള യാത്ര സൗകര്യം സിയാൽ സാധ്യമാക്കുന്നു. മാത്രമല്ല, സാമ്പത്തിക വളർച്ചയ്ക്കും സാംസ്കാരിക വിനിമയത്തിനും പുതിയ അവസരങ്ങൾ സൃഷ്ടിക്കാൻ ഈ സേവനങ്ങൾ സിയാലിന് സഹായകമാവുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 89.82 ലക്ഷം യാത്രക്കാരെ സിയാൽ കൈകാര്യം ചെയ്തിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഒരു കോടിയിലേറെ യാത്രക്കാരെയാണ് സിയാൽ പ്രതീക്ഷിക്കുന്നത്. നിലവിൽ രാജ്യാന്തര യാത്രക്കാരുടെ എണ്ണത്തിൽ രാജ്യത്ത് തന്നെ മൂന്നാം സ്ഥാനത്താണ് കൊച്ചി വിമാനത്താവളം.

# 'സിംപ്ലി സൗത്ത്' പാക്കേജുമായി ഒടിടിപ്ലേ പ്രീമിയം




**കൊച്ചി:** നിർമിത ബുദ്ധിയുടെ (എഐ) സഹായത്തോടെ പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ഒടിടി സേവനദാതാവായ ഒടിടിപ്ലേ പ്രീമിയം ദക്ഷിണേന്ത്യൻ പ്രേക്ഷകർക്കായി 'സിംപ്ലി സൗത്ത്' പാക്കേജ് അവതരിപ്പിച്ചു. തമിഴ്, തെലുങ്ക്, കന്നഡ, മലയാളം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ കേന്ദ്രീകരിച്ച് പരിപാടികൾ ലഭ്യമാക്കുന്ന ഒടിടി ചാനലുകളുടെ ഈ പാക്കേജ് പ്രതിവർഷം 1,199 രൂപക്ക് പാക്കേജ് ലഭ്യമാകും. സൺനെക്സ്റ്റ്, മനോരമ മാക്സ്, നമ്മഫ്ളിക്സ് രാജ് ഡിജിറ്റൽ, ഫാൻകോഡ്, സീ5, ലയൺസ്ഗേയ്റ്റ് പ്ലേ, ഷോർട്സ് ടീവി തുടങ്ങയി ഒടിടി പ്ലാറ്റുഫോമുകളാണ് പാക്കേജിൽ ഉൾപ്പെടുന്നത്. ദക്ഷിണേന്ത്യൻ പ്രേക്ഷകർക്ക് ഉന്നത നിലവാരത്തിലുള്ള പരിപാടികൾ ലഭ്യമാക്കുന്ന സംയോജിത പാക്കേജാണ് 'സിംപ്ലി സൗത്തെന്ന് ഓടിടി പ്ലേ സഹസ്ഥാപകനും സിഇഒയുമായ അവിനാഷ് മുദലിയാർ പറഞ്ഞു.

# അതിജീവിതരുടെ പ്രശ്നങ്ങൾ സമൂഹം ഏറ്റെടുക്കണം : ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ



**കൊച്ചി:** അതിജീവിതരുടെ പ്രശ്നങ്ങൾ സമൂഹം ഏറ്റെടുക്കണമെന്നും അവരോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് മാറ്റണമെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. കുറ്റകൃത്യങ്ങൾക്കും അധികാര ദുർവിനിയോഗത്തിനും അവകാശ നിഷേധനത്തിനും ഇരകളാവുന്നവർക്കു വേണ്ടിയുള്ള വിശ്വാസ് ഇന്ത്യ (Victims Information, Sensitisation, Welfare & Assistance Socitey) യുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരകളെ കളങ്കിതരായി സമൂഹം കരുതുന്ന പക്ഷം അവർക്ക് നീതി ലഭ്യമാകില്ല. ഇരകൾ അകത്തും കുറ്റാരോപിതർ പുറത്തും എന്ന സമീപനമാണ് പോക്സോ കേസുകളിൽ കാണുന്നത്. സമൂഹത്തിന്റെ അനുകമ്പയല്ല അനുതാപമാണ് അതിജീവിതർക്ക് വേണ്ടത്. അതിജീവിതരെ കാണുമ്പോൾ നമ്മുടെ ജീവിതത്തിലും വേദന അനുഭവപ്പെടണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.ഹൈക്കോടതി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മു9 ഡി.ജി.പി ഡോ. പി.എം നായർ അധ്യക്ഷനായി. കളക്ടർ എൻ.എസ്.കെ. ഉമേഷ്, സിറ്റി പോലീസ് കമ്മിഷണർ സേതുരാമൻ, ഹൈകോർട്ട് അഡ്വക്കേറ്റ് അസോസിയേഷൻ വൈസ് പ്രസിഡന്റ് അഡ്വ. എസ്. ബിജു, അഡ്വ. വി.എച്ച്. ജാസ്മിൻ, അഡ്വ. നിഹാരിക ഹേമരാജ്, അഡ്വ. പ്രബിത, ഇന്ദുലേഖ, വിശ്വാസ് സെക്രട്ടറി ജനറൽ പി പ്രേംനാഥ്, വൈസ് പ്രസിഡന്റ് അഡ്വ. അനിൽ എസ്. രാജ് എന്നിവർ സംസാരിച്ചു. പരിപാടിയോടനുബന്ധിച്ച് മനുഷ്യകടത്തിന്റെ ദൂഷ്യഫലങ്ങളെയും എതിരായ പ്രവർത്തനങ്ങളെയും കുറിച്ച് മുൻ ഡി ജി പി പി.എം. നായർ പോലിസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി.2012 ൽ ജില്ലാ കളക്ടർ ആധ്യക്ഷനായി പാലക്കാട് ആരംഭിച്ച വിശ്വാസ് ഇതിനകം നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ദേശീയ തലത്തിൽ വിശ്വാസിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനാണ് ഡോ. പി.എം. നായരുടെ നേതൃത്വത്തിൽ വിശ്വാസ് ഇന്ത്യ രൂപീകരിച്ചത്. ജില്ലാ കളക്ടർ ചെയർമാനായി എറണാകുളം ചാപ്റ്ററും നിലവിൽ വന്നു.

